
# TENALACH

ടെനലാഷ്



**Annual Magazine 2018-2019**

**St. Xavier's College Vaikom**


A DESTINATION FOR TRADITIONAL & TRENDY DRESSINGS.
VISIT US FEEL THE REAL JOY
SANTHOSHAM
സന്തോഷം
ബൂട്ടിക് & ഫാഷൻസ്
തെക്കേനട, വൈക്കം
ഫോൺ: 9496303437, 9495352973
കൂടുതൽ സെലക്ഷൻ
ട്രെൻഡി ഫാഷൻസ്
ഉയർന്ന ഗുണനിലവാരം
വസ്ത്രധാരണത്തിൽ
പുതുമയുടെയും
പാരമ്പര്യത്തിന്റെയും
ശൈലി കോർത്തിണങ്ങിയ
ഡിസൈനുകൾ
ഞങ്ങൾ നാലാം വർഷത്തിലേക്ക് കടക്കുകയാണ്.
എല്ലാവർക്കും ഒരുപാട് നന്ദി..
വിപുലീകരിച്ച പുതിയ ഷോറൂമിലേക്ക് മാറി
പ്രവർത്തനം തുടങ്ങുന്നു.
സന്ദർശിക്കുക....സന്തോഷത്തോടെ...മടങ്ങുക.
ഏവർക്കും സ്വാഗതം
സന്തോഷം
ബൂട്ടിക് & ഫാഷൻസ്




# OUR HEAVENLY PATRON
## St. Francis Xavier

# PATRONS



**His Excellency**
**Mar George Alencherry**
**(Major Arch Bishop of Ernakulam - Angamaly)**



**Archbishop Mar Antony Kariyil**
**(Vicar of the Major Archbishop**
**for the Archeparchy of**
**Ernakulam - Angamaly)**



## Manager
## Rev. Fr. Joshy Vezhaparambil
**Vicar, St.Xavier's Church, Kothavara**

# Message

It gives me great pleasure and honor to write a few words of felicitation to our college magazine "Tenalach", meant for developing writing talents. This also gives an opportunity to reflect on various topics and to pen those assumptions in black and white. Such initiatives will empower our children for their all-round development.

I seize this unique opportunity to heartily congratulate principal, teaching and non-teaching staff, students for their commitment and cooperation. I appreciate all the contributors and the editorial board for their efforts in bringing out such a fabulous magazine.

I invoke God's blessing through the intercession of St Xavier on each and every member of the college. May you reflect God's mercy and compassion in your relationships and in building bridges of harmony and solidarity.

Let's make our institution a modern temple of learning through our devotion and dedication.

Wishing you all the best

Fr. Joshy Vezhaparambil



## Chief Editor's Note

I am immensely delighted to present before you TENALACH, the college magazine for the year 2018-2019. I appreciate the efforts put forward by the staff editor Mrs. Merine John, the Student Editor Adarsh M., Students, Teaching and the non-teaching staffs to actualize this. College magazine provides ample opportunities for the students to manifest their thoughts, expectations and academic caliber. Every year we have to put in special efforts to improve the quality and style. The people working behind the making of magazine enjoy the joy of a good documentation also. This magazine reflects the passionate and cultured activities of the campus. I also express my gratitude to the Almighty for the blessings and our patron St. Xavier for the protection bestowed upon us.

**Dr. Rajumon T Mavunkal**
Principal

## Felicitation

I hope **Tenalach,** will be able to nurture creativity and inspiration which are essential for the successful education. **स्वस्तिर मानुषेभ्यः । ऊ रद्ध्वं जिगातु भेषजम् । शं नो अस्तु द्विपदे । शं चतुष्पदे ।** I do appreciate and applaud all the people, who were behind the creation of this year's college magazine.



**Dr. C. P Hareendran**
Vice - Principal

# Staff Editor's Note:-

Music is the bliss of Soul
So Tenalach be
When we are mesmerized
With our closed eyes to the
Songs of Nature---the melodies of wind, lake
and forest,
The fragrances and the exotic taste
that were impoverished and long forgotten.
Our Souls are enriched
With this incredible sounds and feelings
Which exemplify the Divine
Tenalach I owe you



**Merine John**
Staff Editor

# ആശംസകൾ

ഏറെ പ്രിയപ്പെട്ടവരേ,

നമുക്കൊരു കാലഘട്ടത്തിന്റെ അനേകമനേകമിടിമുഴക്കങ്ങളാകുവാൻ ഒരു പക്ഷെ സാധിക്കില്ല. എങ്കിലും അതിലൊരംശം പ്രതിധ്വനിയാകുവാൻ നമ്മുക്ക് സാധിച്ചേക്കും. ആ പ്രതിധ്വനികളിൽനിന്ന് മിനാരങ്ങളെതകർക്കുന്ന ഗർജ്ജനമായി നമുക്കുയർത്തെഴുന്നേൽക്കാം ഈ മാഗസിൻ ഒരു ഓർമ്മപ്പെടുത്തലാണ്... ഇതിലെ താളുകളിൽ പ്രണയമുണ്ടാവും പ്രതിഷേധമുണ്ടാവും നിരാശയുണ്ടാവും, പ്രതീക്ഷകളെ പേറുന്ന വെളിച്ചമുണ്ടാവും. മുഷ്ടിചുരുട്ടി ആകാശത്തേക്കുയർത്തി നാം വിളിച്ച മുദ്രാവാക്യങ്ങളുണ്ടാകും, ഞാനുണ്ടാവും എന്നോടൊപ്പം നിങ്ങളോരോരുത്തരും.

കാലം നമ്മുടെ വാക്കുകളെ അടയാളപ്പെടുത്തും... അതിലേക്ക് ഒരു വരി കോറിയിടാൻ ഈ മാഗസിനും സാധിക്കട്ടെ... വസന്തം, അത് വരുക തന്നെ ചെയ്യും..

അഭിവാദ്യങ്ങളോടെ,



**അശ്വിനിദേവ്**
(ചെയർമാൻ)

# TREND SETTERS

**St. Xavier's College Vaikom**
Kothavara P. O, Kottayam -686607
Tel: 04829-275303
Email: stxaviersvkm@gmail.com
www.stxavierscollegevaikom.org

| | |
|---|---|
| Chief Editor | Dr. Rajumon T. Mavunkal (Principal) |
| Staff Editor | Mrs. Merine John (Asst. Prof. Dept. of English) |
| Student Editor | Adarsh M (Bsc. Physics 2017-20) |
| Editorial Board | Dr. C.P. Hareendran (Vice-Principal) |
| | Prof. Ravisankar P. C. (HOD, Dept. of English) |
| | Prof. Rekha A.G. (HOD, Dept. of Malayalam) |
| | Prof. Parvathy Chandran (Asst. Prof. Dept. of Pol.Sci.& Journalism ) |
| Student Editorial Board | Anitta Jose (Sub. Editor, B.A Politics 2017-20) |
| | Aswinidev (B.A Politics 2016-19) |
| | Vishnu Shaji (B.A Economics 2017-20) |
| Special Thanks to | Prof. Bibu V. N (Asst. Prof. Dept. of Pol.Sci.& Journalism) |
| | Dr. Tomy Joseph (HOD, Dept. of Economics) |
| | Dr. Tomy Joseph (HOD, Dept. of Physics) |
| | Prof. Payas Varghese (HOD, Dept. of Chemistry) |
| | Dr. Gimson D. Parambil (HOD, Dept. of Commerce) |
| | Dr. C.C. Bijumon (Dept. of Physics) |
| | Prof. Anie V.T (HOD, Mathematics) |
| | Dr. K. J. Abraham (HOD, Dept. of Zoology & Aquaculture) |
| | Lt. Roy Mathew (HOD, Dept. of Pol.Sci.& Journalism) |
| | Mrs. Shaima K. Thampi (Guest Lecturer, Malayalam Dept.) |
| | Mrs. Priya B. Nair (Guest Lecturer, Hindi Dept.) |
| | Sri. P.V Xavierkutty |
| | Sri. V. Mathachan |
| | Sri. Rejimon George (Library Asst.) |
| Design & Printing | **Shrithilakam Digital Printing** |
| | Tripunithura |
| | +91 7736094460 |
| Front Cover Photograpy by | Adarsh M (Bsc. Physics 2017-20) |
| Back Cover Created by | Daya Jayaprakash (B. A. Economics 2019-22) |



# എഡിറ്റോറിയൽ

ചുറ്റും അക്ഷരങ്ങളാണ്. ഒരു അക്ഷരത്തിന് എന്ത് ചെയ്യുവാൻ സാധിക്കും.! അതുകൊണ്ടായിരിക്കാം ഒരുപക്ഷെ അവ വാക്കുകളായി രൂപാന്തരപ്പെട്ടത്. പക്ഷേ, വാക്കിന് ചെയ്യാവുന്നതിനും പരിമിതികളില്ലേ.! അങ്ങനെ അവ വരികളായി. പിന്നീട് സഖ്യം ചേർന്ന് കഥകളും കവിതകളുമായി. ഈ മാഗസിൻ അവയുടെയാണ്. പേനയും പെൻസിലും ആയുധമാക്കി ആശയങ്ങളെ തൊടുത്തുവിട്ട ഒരുപറ്റം വിദ്യാർത്ഥികളുടെ സംഭാവന.

ഭൂമിയുടെ സംഗീതം കേൾക്കാൻ പോന്ന മനസ്സിനുടമകളായ എല്ലാ ജീവനും 'ടെനലാഷ്' സമർപ്പിക്കുന്നു.

ഇതിലെ ഓരോ രചനയിലും നിങ്ങൾ സൗഹൃദം കണ്ടേക്കാം, ഓരോ വരിയിലും നിങ്ങൾ പ്രണയം കണ്ടേക്കാം, ഓരോ വാക്കിലും നിങ്ങൾ വിരഹം കണ്ടേക്കാം, ഓരോ അക്ഷരത്തിലും നിങ്ങൾ വിപ്ലവം കണ്ടേക്കാം.

അദ്ധ്യയന വർഷത്തിലെ സകല ഓർമ്മകളും വാരിക്കൂട്ടി വാക്കുകളിലും ചിത്രങ്ങളിലും ഒതുക്കി നിങ്ങൾക്കായി ഈ മാഗസിൻ ഞാൻ സമർപ്പിക്കുന്നു. ഇരുകൈകളും നീട്ടി സ്വീകരിക്കുമെന്ന പ്രതീക്ഷയോടെ, പരിപൂർണ്ണമായ സ്നേഹത്തോടെ,

**ആദർശ് എം**

മാഗസിൻ എഡിറ്റർ



# IN MEMORIAM



**Prof. T. D. Sebastian**

Department of English

**"It's so hard to forget someone who gave you much to remember"**

# ഉള്ളടക്കം



| Sl. No | Titles | Pg.No. |
|---|---|---|
| 1. | ടാഗോറിന്റെ ഗീതങ്ങളുടെ സ്വതന്ത്ര വിവർത്തനം<br>ഡോ. സി. പി. ഹരീന്ദ്രൻ | 9 |
| 2. | വരിക നീഎൻ കലാലയത്തിലേക്ക്<br>പ്രൊഫ. സിജോ മാത്യു | 10 |
| 3. | നിനക്കായ്<br>റോബിൻ ആന്റണി | 11 |
| 4. | പ്രതികാരം<br>ലിന്റോ തങ്കച്ചൻ | 12 |
| 5. | നക്ഷത്രങ്ങളുടെ ഗർഭപാത്രം<br>ജ്യോതിഷ് കൃഷ്ണൻ എം. | 13 |
| 6. | നിൻ പ്രണയം<br>ദൃശ്യ പി. സുഗുണൻ | 14 |
| 7. | ഇരുട്ട്<br>ശ്രുതിമോൾ എൻ. എസ്. | 14 |
| 8. | പിറ ചൊന്നത്<br>പ്രൊഫ. ബിഭു നാരായണൻ | 15 |
| 9. | Nobel Prize In Literature<br>Amrutha D | 16 |
| 10. | അടൂർ ഗോപാലകൃഷ്ണനുമൊത്ത്<br>അരനാഴികനേരം – അഭിമുഖം | 17 |
| 11. | In Love With Silence<br>Gibi Mathew | 19 |
| 12. | Pencil Sketches | 19 |
| 13. | ചൊവ്വാദോഷകാരി<br>അനന്തു അശോകൻ | 20 |
| 14. | Mother's Fragrance<br>Aiswarya M R | 21 |
| 15. | പറയാതെ പോയത്<br>കൃഷ്ണപ്രിയ വിനോദ് | 21 |
| 16. | Jewish Silence<br>Sibi Joseph | 22 |
| 17. | Mangroves-The Unique Ecosystem of Earth<br>Dr.Saritha Ramachandran | 23 |
| 18. | അലത്താളം<br>അനീറ്റ ജോസ് | 24 |
| 19. | ശുഭ്രവസ്ത്രം<br>പ്രൊഫ. എ. ജി. രേഖ | 28 |
| 20. | ദേശീയ വിദ്യാഭ്യാസനയം – 2019<br>കാണാപ്പൊരുളുകൾ<br>ഡോ. ടോമി ജോസഫ് | 29 |
| 21. | Wonders of the Oceans<br>Dr.K.J.Abraham | 32 |
| 22. | Estuary<br>Lt.Roy Mathew | 33 |
| 23. | Love and Punctuality<br>MJohn | 34 |
| 24. | College Union 2018-19 | 35 |
| 25. | Reports | 36 |
| 26. | Photos | 43 |




# ടാഗോറിന്റെ ഗീതങ്ങളുടെ സ്വതന്ത്ര വിവർത്തനം

**ഒന്ന്**

എന്റെ ജീവനാഥാ
നിന്റെ സജീവ സ്പർശം എന്റെ
ഓരോ അണുവണുവിലും
ഉണ്ടെന്ന
ബോധത്താൽ ഞാനെന്റെ
ശരീരത്തെ
എന്നെന്നും പരിശുദ്ധമായി
സൂക്ഷിക്കും.
എന്നെയുള്ളിൽ പരമ തത്വത്തിന്റെ ദീപ നാളം
കൊളുത്തിയത് നീയായതുകൊണ്ട് -
ഞാനെന്നും സത്യോപാസകനായിരിക്കും
എന്റെ പ്രണയ പുഷ്പത്തെ
ഉത്ഫുല്ലമാക്കുകയും എല്ലാ തിൻമകളേയും
എന്റെ ഹൃദയകമലത്തിൽ നിന്ന് ആട്ടിയോടിക്കുകയും
ചെയ്യും എന്തെന്നാൽ
അത് നിനക്കു മാത്രമുള്ള ഇരിപ്പാടമാണല്ലോ
നീയാണെനിക്ക് ക്രിയാശേഷി
നൽകുന്നതെന്നറിയുന്നതിനാൽ
എന്റെ കർമ്മങ്ങളിലൂടെ ഞാൻ
നിന്നെ വെളിപ്പെടുത്താൻ
പരിശ്രമിച്ചു കൊണ്ടേയിരിക്കും



**രണ്ട്**

നീയെന്നെ അമൃത രൂപനാക്കി
അതിലായിരുന്നു നിന്റെയാനന്ദം
നീ എത്രയോ തവണ ഈ ലോല പാത്രത്തെ
കമിഴ്ത്തിക്കളയുകയും
വീണ്ടും വീണ്ടും അതിൽ നവജീവൻ നിറയ്ക്കുകയും
ചെയ്തു
ഈ വെറുമൊരു മുളന്തണ്ടിനെ നീ മേടുകളിലും
താഴ്വരകളിലും കൊണ്ടുപോയി നിന്റെ ജീവരാഗത്താൽ
മധുര മനോഹരഗാനങ്ങളുതിർക്കുന്ന മുരളികയാക്കിയല്ലോ!
നിന്റെ അനശ്വരാമൃതകരാംഗുലീയങ്ങൾ കൊണ്ട് ഒന്ന്
തലോടിയപ്പോൾ എന്റെ കുഞ്ഞു ഹൃദയം അപരിമേയമായ
ആനന്ദത്താൽ അവാച്യമായത് മൊഴിയുന്നുവല്ലോ!
നിന്റെ അനശ്വരമായ സമ്മാനങ്ങൾ എന്റെയീ
ചെറുകരങ്ങളാണല്ലോ ഏറ്റു വാങ്ങുന്നത്.
കാലം മറയുമ്പോഴും പിന്നെയും പിന്നെയും
നീ പകരുമ്പോൾ എന്നിലിടമുണ്ടല്ലോ -
നിന്റെ അപാര ധന്യത സ്വീകരിക്കുവാനായി.

**മൂന്ന്**

നീ എന്നോട് ഗീതം ആലപിക്കുവാനാവശ്യപ്പെട്ടപ്പോൾ
എന്റെ ഹൃദയം അഭിമാനത്താൽ വിജൃംഭിതമായി.
എന്റെ ഹൃദയം ഈറനണിഞ്ഞു
ഞാൻ നിർന്നിമേഷനായി നിന്നെത്തന്നെ നോക്കിയിരുന്നു
എന്റെ ജീവിതത്തിലെ സമസ്ത വിഷമത
കളും, കഠോരതകളും
നിന്റെ ഗീതാമൃതത്തിൽ അലിഞ്ഞു ചേർന്നു.
എന്റെ സാധനയും ആരാധനയും
സമുദ്രതരണം ചെയ്യുന്ന
സന്തുഷ്ടയായ പക്ഷിയെപ്പോലെ ആനന്ദത്താൽ
ചിറകു വിരിക്കുന്നു
എന്റെ ഗീത രാഗങ്ങൾ നിനക്കിഷ്ടമാണെന്ന്
എനിക്കറിയാം
ഈ ഗീതങ്ങളാണ് നിന്റെ മുന്നിൽ എന്നെ നിൽക്കുവാൻ
പ്രാപ്തനാക്കിയതെന്നും ഞാനറിയുന്നു
ഞാനെന്റെ ഗീതത്തിന്റെ വിടർത്തിയ ചിറകുകളാൽ
സ്പർശനാതീതമായ ആ പുനീത പാദങ്ങളെ തലോടുന്നു,
ഗാനാലാപത്തിന്റെ സ്വരലഹരിയിൽ സ്വയം മതിമറന്ന്
ഞാനെന്റെ പ്രഭുവിനെ സ്നേഹിതാ എന്നു വിളിച്ചു
പോകുന്നു.

**നാല്**

സാധക ! ഭജനം പൂജനമാരാധനയും
നിർത്തുക!
ദേവാലയവാതിലുകളെല്ലാമടച്ച്
നിബിഡാന്ധകാരത്തിലിരുന്ന്
നീ ആരെയാണ് പൂജിക്കുന്നത്?
കണ്ണുകൾ തുറന്നൊന്ന് നോക്കൂ
നിന്റെ ദേവൻ അവിടെയെങ്ങുമില്ല.
അവനിവിടെയുണ്ട്.
ഊഷരഭൂമിയെ ഉഴുതുമറിക്കുന്ന കൃഷിക്കാരനോടൊപ്പം
ശ്ലക്ഷണശിലയെ വെട്ടിയെടുത്ത് പാതനിർമ്മിക്കുന്ന
വരോടൊപ്പം
അവൻ വെയിലിലും മഴയിലും അവരോടൊപ്പമുണ്ട്.
അവന്റെ വസ്ത്രം പൊടിപിടിച്ചിരിക്കുന്നു.
നീ പകിട്ടാർന്ന ഉടുവസ്ത്രം ഊരിക്കളയുക
അവനെപ്പോലെചെമ്മണ്ണിലേക്കിറങ്ങുക
മുക്തിയോ ? എവിടെയാണീ മുക്തി?
നമ്മുടെ പ്രഭു
സൃഷ്ടിയുടെ ബന്ധനം സ്വയം സ്വീകരിച്ചിരിക്കുന്നു.
അവൻ നമ്മോടൊപ്പം ശാശ്വതമായി ബന്ധിച്ചിരിക്കുന്നു.
ധൂപ ദീപ പുഷ്പങ്ങളുപേക്ഷിച്ച് ധ്യാന രിക്തനായി
പുറത്ത് വരിക.
നിന്റെ വസ്ത്രങ്ങൾ കീറിയതും ധൂളി
ധൂസരിതവുമായാലെന്ത്?
അദ്ധ്വാനത്തിലും നെറ്റിയിലെ വിയർപ്പിലും നീ അവനെ
കണ്ടെത്തുക
അവനോട് ചേർന്ന് നിൽക്കുക.

**ഡോ. സി.പി ഹരീന്ദ്രൻ**

# വരിക നീ എൻ കലാലയത്തിലേക്ക് ....



വരിക നീ വരിക സോദരാ വരിക
ഒന്നു ചേർന്നൊത്തുചേർന്നൊന്നു പാടാം
ധന്യതയാർന്നൊരു നവലോകസൃഷ്ടിയിൽ
ഒന്നായ് നമുക്കിന്നണി ചേർന്നിടാം

കായലിന്നോളങ്ങൾ താളം പിടിക്കും
തീരമുണ്ടിവിടെയിന്നൊത്തുചേരാം
ഈ പുണ്യഭൂവിൽ ഓരോരോ ഹൃത്തിലും
നൻമയും സ്നേഹവും ചേർത്തുവച്ചീടുന്നു

പുണ്യ ശരീരനാം ശവ്റ്യാരിൻ നാമത്തിൽ
ഉയരുന്നോരു വിദ്യ തൻ പൂങ്കാവനം ഇതിൽ
വിരിയുന്നു സുമങ്ങൾ നിറയുന്നു സൗരഭ്യം
മാനവമൈത്രി തൻ അനുപമ സൗരഭ്യം

കായലിൻ കവിളിൽ പുഴ നൽകും മുത്തം
കാണാം നമുക്കീതീരത്തിരിക്കുകിൽ
കാറ്റിന്റെ കൊഞ്ചലും കിളിയുടെ പാട്ടും
കേൾക്കാം പോരുക കൂട്ടുകാരെ

നേരിന്റെ പാതയിൽ ഏറെ നടക്കുവാൻ
നിസ്വാർത്ഥരായ് കൂടെ നടക്കും ഗുരുജനമുണ്ട്
കതിരാക്കി മാറ്റുനിൻ കനവുകളെല്ലാം
കാലത്തിൻ ചക്രം തിരിക്കു നിൻ കൈകളാൽ

ഇവിടെയില്ലിവിടെയില്ലതിരുകൾ തീർക്കും
വർഗ്ഗീയ ചിന്തകൾ വർണ്ണവിദ്വേഷങ്ങൾ
ഇവിടെയിന്നൊന്നായ് കൈകോർത്തു നിൽക്കുന്നു
മാനവർ ഒന്നെന്ന് പാടും യുവത്വങ്ങൾ

വരിക നീ വരിക സോദരാ വരിക
ഒന്നുചേർന്നൊത്തു ചേർന്നൊന്നു പാടാം
ധന്യതയാർന്നൊരു നവലോകസൃഷ്ടിയിൽ
ഒന്നായ് നമുക്കിന്നണി ചേർന്നിടാം



പ്രൊഫ. സിജോ മാത്യു
HOD, Botony Dept..



# നിനക്കായി...

കൈയ്യിൽ അടക്കിപ്പിടിച്ച ഒരു രൂപയുമായി ആ മഴയിലൂടെ അവൻ ഓടുകയായിരുന്നു. നാരായണേട്ടൻ കട അടച്ചിട്ടുണ്ടാകുമോ? ഇതായിരുന്നു അവനെ അലട്ടിയ ചിന്ത. നാലാം ക്ളാസ്സിൽ പഠിക്കുന്ന ശിവരാമൻ എന്ന രാമു ഓട്ടത്തിൽ കേമനായിരുന്നു അതിനാൽ തന്നെ മഴയ്ക്കോ കാറ്റിനോ അവനെ തടുത്ത് നിർത്താനായില്ല. നാരായണേട്ടന്റെ കട, ആ വളവു തിരിഞ്ഞാൽ എത്തി. ഒരു പാട് ഓടി തളർന്നു വന്നാലും അതോർത്തപ്പോൾ വേഗതകൂടി. കട അടക്കുകയായിരുന്നു. ഓടി കിതച്ചുവന്ന അവനെ കണ്ട് നാരായണേട്ടൻ തരിച്ചു നിന്നു പോയി. കിതച്ചുകൊണ്ട് അവൻ പറഞ്ഞു "നാരായണേട്ടാ ഒരു രൂപേടെ മിഠായി" പകച്ചു നിന്ന നാരായണേട്ടൻ ഉടനെ കടയ്ക്കകത്തുനിന്ന് മിഠായിഭരണിയിൽനിന്ന് മിഠായി എടുത്തു നൽകി. അവൻ തന്റെ കയ്യിൽ അടക്കിപ്പിടിച്ച ആ ഒരു രൂപ അയാൾക്കു നേരെ നീട്ടി. അയാൾ ഒരു നിമിഷം നെഞ്ചിടറി നിന്നു. ഇതു കണ്ട് അവൻ പറഞ്ഞു 'ഉം വച്ചോ' നാരായണേട്ടൻ പറഞ്ഞു 'എനിക്കുവേണ്ട' അതു പറയുമ്പോൾ അയാളുടെ ശബ്ദം ഇടറുന്നുണ്ടായിരുന്നു. 'ദേ വേണ്ടേ?' അല്ലെങ്കിൽ പൈസയില്ലാതെ മിഠായി തരില്ല എന്നു പറയുന്ന ആളാണത്. വീട്ടിൽ അരി വാങ്ങാൻ പോലും കാശില്ല. അയലത്തെ അപ്പൂപ്പന്റെ കയ്യിൽ നിന്നും കടം വാങ്ങിയ കാശാണ്. വേണ്ട പോലും.

ഇങ്ങനെ ചിന്തിച്ച് അവൻ ആ ഒരു രൂപ അയാളുടെ കയ്യിൽ വച്ചു കൊടുത്തു. അതു വാങ്ങുമ്പോൾ അയാളുടെ കണ്ണുകൾ നിറയുന്നുണ്ടായിരുന്നു. അവൻ ആ മിഠായി നിധിയെന്നോണം നെഞ്ചോടു ചേർത്ത് ഒരു ഓട്ടമായിരുന്നു. ആ തോരാമഴയത്ത് തന്റെ വീട് ലക്ഷ്യമാക്കിയുള്ള ഓട്ടത്തിനിടയിലും പല ചിന്തകൾ അവനിലേക്ക് കടന്നു വന്നു; തന്റെ അ നിയത്തി സീതയെപ്പറ്റിയുള്ള ചിന്തകൾ. നാട്ടിൽ എല്ലാവർക്കും സീതയെ അറിയാം. എപ്പോഴും പുഞ്ചിരി തൂകി, എല്ലാവരിലും സന്തോഷമുണർത്തി തുള്ളിച്ചാടി നടക്കുന്ന ഒരു കൊച്ചു കുസൃതിക്കുടുക്ക. അവളെ എന്നും അംഗനവാടിയിൽ നി ന്നും കൂട്ടിക്കൊണ്ടു വരുന്നത് രാമുവാണ്. വരുന്ന വഴിയിൽ അവൾ നാരായണേട്ടന്റെ കടയിലേക്കു ചൂണ്ടി പറയും. ചേട്ടാ "ഒരു മിഠായി" രാമൂ ചെന്ന് ചോദിക്കൂ എന്നാൽ അവന്റെ കയ്യിൽ പണമില്ല. പണമില്ലാതെ തരില്ല എന്ന് നാരായണേട്ടനും. ഒടുവിൽ ഇപ്പോൾ കരയും എന്ന മട്ടിലുള്ള സീതയുടെ മുഖ ഭാവവും, പ്രതീക്ഷയോടെയുള്ള രാമുവിന്റെ നിൽപ്പും കണ്ട് പറയും.

"ഓ ഇന്നു തരാം, പക്ഷെ നാളെ പണമില്ലാതെ തരില്ല." എന്നും ഇങ്ങനെ പറയുമെങ്കിലും, പിറ്റേ ദിവസം നാരായണേട്ടൻ അതു മറക്കും. രാമുവിനോട് സീത എന്നും പറയും മിഠായീടെ ഒരു കടയുണ്ടായിരുന്നെങ്കിൽ എത്ര നന്നായിരുന്നു. അവനൊരിക്കലും സീതയ്ക്ക് പൈസ കൊടുത്ത് മിഠായി വാങ്ങിച്ചു കൊടുക്കാൻ പറ്റിയിട്ടില്ലായിരുന്നു. ദാരിദ്ര്യം! അതു തന്നെ കാരണം. രണ്ട് ദിവസമായി അവൾക്ക് പനിയാണ് അവൾ ഇടയ്ക്കിടെ പറയും രാമുവേട്ടാ മിഠായി അന്നൊക്കെ അവളുടെ അടുത്ത് ആരെങ്കിലും വേണമെന്നതിനാലും തോരാത്ത മഴയിൽ പുറത്തിറങ്ങാൻ കഴിയാത്തതിനാലും അവന് അവൾക്കു മിഠായി വാങ്ങി കൊടുക്കാൻ കഴിഞ്ഞില്ല. എന്നാൽ ഇന്ന് അങ്ങനെയല്ല. അവൾ അതിനായി ആഗ്രഹിച്ച ഒരു ദിവസം ആണിത്. ഇന്നെങ്കിലും എനിക്കതു കൊടുക്കണം. അവൻ വിചാരിച്ചു.

ഇങ്ങനെ ഓരോന്ന് ചിന്തിച്ച് തീർന്നപ്പോഴാണ് അവനു മനസിലായത്, വീടെത്താറായെന്ന്. അവൻ വീടിനു മുമ്പിൽ കൂടിയിരിക്കുന്ന ജനങ്ങളെ തട്ടിമാറ്റി, ഓടി വീടിന്റെ അകത്തു കയറി. അവന് ഉറപ്പുണ്ടായിരുന്നു ഞാൻ കൊടുത്താൽ അവൾ ഇത് കഴിക്കും. കാരണം മിഠായി അവൾക്ക് അത്രയ്ക്ക് ഇഷ്ടമാണ്. അവൻ തന്റെ നെഞ്ചോടു ചേർത്തുപിടിച്ച മിഠായിയുമായി പായയിൽ കിടത്തിയ തന്റെ അനിയത്തിയുടെ അടുത്തേക്ക് നീങ്ങി. തന്റെ കയ്യിൽ നിധിപോലെ സൂക്ഷിച്ചു കൊണ്ടു വന്ന ആ മിഠായി അവൾക്കരികിൽ വച്ചിട്ട് അവൻ പ്രതീക്ഷയോടെ മാറി നിന്നു. ആ കുഞ്ഞിളം വിരലുകൾ അനങ്ങുന്നുണ്ടോ, ആ മിഠായികൾ ആർത്തിയോടെ വാരി എടുത്തെങ്കിലോ എന്ന് അവൻ ആഗ്രഹിച്ചു. ആഗ്രഹം ബാക്കിയാകുമെന്ന തിരിച്ചറിവെന്നോണം അവന്റെ കണ്ണുകൾ ഈറനണിഞ്ഞു.



**റോബിൻ ആന്റണി**
B.Sc Physics
2018-21

# പ്രതികാരം

പകയുടെ പ്രതികാരത്തിൽ
തീപ്പൊരി പാറും കാലമിത്
മരണം നിൻ കൺമുന്നിൽ
നടമാടിടുമ്പോൾ അന്ധനായ
ദൈവങ്ങളുടെ നാടിത്
നിൻ പ്രവർത്തികൾ നിനക്ക്
നേരെ തിരിയും സമയമിത്
നിന്നെ നീയാക്കി മാറ്റിയവരെ
മറന്നുമുന്നേറുമ്പോൾ
തിരിഞ്ഞു നോട്ടത്തിന്റെ ഇടവേളകളിൽ
നിനക്ക് മുന്നിലേക്ക് നീട്ടിയ
കരങ്ങൾ ഇന്ന് എവിടെ?
മരണ നേരത്ത് നിന്നിലുള്ളത്
വെറും പാപക്കറകളും
അതിന്റെ കാതൽ ആയി ചുരുങ്ങിയ
നീ മാത്രം ഇന്ന് ഇവിടെ
കൊരവള്ളി വലിഞ്ഞ് മുറുകി
ഒരിറ്റ് ജലത്തിനായി വീർപ്പുമുട്ടുമ്പോൾ
നീ പാഴാക്കിയ നിൻ
വിലതിരിച്ചറിയുന്ന നേരമിത്
അവസാനനേരത്ത് നീയറിയാതെ നിന്നിൽ
ആധിപത്യം സ്ഥാപിക്കും പ്രകൃതിതൻ -
വിക്രിയയിൽ
പ്രകൃതിതൻ പ്രതികാരത്തിൻ നേരമിത്
നീ വെട്ടിപ്പിടിച്ചതും തുരന്നു
തിന്നതുമായ മണ്ണിൽ
ഞാൻ നിനക്കായി വെറും
ആറടിസ്ഥാനമൊരുക്കുമ്പോൾ
ഞാൻ പറയും ഇതെന്റെ
പ്രതികാരമാണെന്ന്
എൻ വേരുകളാൽ നിന്നെ
വലിച്ചെടുത്ത് പുതിയ ഒരു
ലോകത്തെ സൃഷ്ടിക്കും ഞാൻ
അതിലൂടെ വിളിച്ചു പറയും
പുതിയൊരു തലമുറയ്ക്ക്
ജൻമം നൽകിയെന്നും
അങ്ങനെ അതിമനോഹരമായി എന്റെ
തിരിച്ചുവരവ് ഞാൻ അറിയിക്കും
മനുഷ്യാ നീ ഓർക്കുക ഇതെന്റെ
പ്രതികാരമാണെന്ന്
മനുഷ്യാ നിന്റെ ദുഷ് പ്രവർത്തികൾക്ക്
എതിരെയുള്ളയെന്റെ പ്രതികാരത്തിന്റെ
നാളുകൾ വരാനിരിക്കുന്നു
ഇനിയെന്റെ പ്രതികാരത്തിൻ നേരമിത്



**ലിന്റോ തങ്കച്ചൻ**
ബി. എ. പൊളിറ്റിക്സ്
2018 - 21


*With best Compliments*

# AGK & Co.

## A Gopala Kammath & Company


Opp. Vaikom Municipality,West Gate, Vaikom
Ph: 9895154599

## Wholesale & Retail




- Stationary Items
- Cosmetic Items
- Plastic Items
- Bakery Items
- House hold Items etc.





# നക്ഷത്രങ്ങളുടെ ഗർഭപാത്രം.

പ്രപഞ്ചത്തിന്റെ വിശാലമായ ലോകത്തേക്ക് നോക്കുമ്പോൾ എല്ലാം തന്നെ ശൂന്യമാണ്. പ്രകാശവർഷങ്ങൾക്കും അകലെ നില കൊള്ളുന്ന നക്ഷത്രങ്ങളും, അവയെ ചുറ്റുന്ന ഗ്രഹങ്ങളും ഉൽക്കകളും ഒഴിച്ചാൽ പ്രപഞ്ചത്തിന്റെ 95% പ്രദേശവും ശൂന്യ മാണ്. ഇത്തരത്തിൽ ശൂന്യമായ ഇന്റർ സ്റ്റെല്ലാർ സ്പേസ് എന്നറിയപ്പെടുന്ന പ്രദേശങ്ങളിൽ കാണപ്പെടുന്ന അതിസുന്ദരവും വർണാഭവുമായ മേഘ രൂപങ്ങളെ വിളിക്കുന്നതാണ് നെബുല. ഇന്ന് ഈ പ്രപഞ്ചത്തിലെ ഏറ്റവും മനോഹരമായത് എന്ത് എന്ന ചോദ്യത്തിന് Nebula എന്നതാണ് ഉത്തരം. മറിച്ചായാൽ, ആ പറയുന്ന വ്യക്തി നെബുലകളെ കുറിച്ച് അറിഞ്ഞിട്ടില്ല എന്നുള്ളതാണ് സത്യം.



ഭൂമിയിൽ കാണപ്പെടുന്ന എ ല്ലാംതന്നെ മാറ്റങ്ങൾക്ക് വിധേ യമാണ്. ഇന്ന് നമ്മൾ കാണുന്ന എല്ലാത്തിനും തന്നെ കാലാനു സൃതമായ മാറ്റം സംഭവിക്കും. ജീവനുള്ളവയെല്ലാം ജനിക്കുകയും മരിക്കുകയും ചെയ്യുമെന്നത് പോ ലെത്തന്നെ ചില അജീവീയ വസ്തുക്കളും ജനന-മരണ പ്രക്രിയകൾക്ക് വിദേയമാകുന്നുണ്ട്. അതിലൊരു വിഭാഗം നക്ഷത്രങ്ങളാണ്.

ഒരു നക്ഷത്രം ജനനം മുതൽ മരണം വരെ അതിന്റെ വലുപ്പത്തിനെ (Mass) അടിസ്ഥാനമാക്കി പല ഘട്ടങ്ങളിലൂടെ കടന്ന് പോകുന്നുണ്ട്. വലുപ്പം അത്രയേറെയുള്ള നക്ഷത്രങ്ങളുടെ ജീവിത കാലഘട്ടം വളരെയേറെ പ്രാധാന്യമർഹിക്കുന്നു. ജനനം മുതൽ തുടങ്ങാം.

മേഘം അഥവാ Cloud എന്നർത്ഥം വരുന്ന ലാറ്റിൻ പദത്തിൽ നിന്നാണ് നെബുല എന്ന വാക്കിന്റെ ഉത്ഭവം. വളരെ എളുപ്പത്തിൽ എന്താണ് നെബുല എന്ന് ചോദിച്ചാൽ, നമ്മൾ ഭൂമിയിൽ നിന്ന് നോക്കുമ്പോൾ കാണുന്ന മേഘങ്ങളെപോലെ തന്നെ ഇന്റെർസ്റ്റെല്ലാർ സ്പേസിൽ കാണുന്ന മേഘരൂപങ്ങളെന്ന് പറയാം. ഇന്ന് ഈ ലോകത്ത് കാണുന്ന നക്ഷത്രങ്ങളൊക്കെയും ഉത്ഭവിച്ചിരിക്കുന്നത് നെബുലകളിൽ നിന്ന് തന്നെയാണ്. അങ്ങനെ നമ്മുക്ക് വേണമെങ്കിൽ നെബുലകളെ നക്ഷത്രങ്ങളുടെ നഴ്സറി എന്നോ നക്ഷത്രങ്ങളുടെ ഗർഭപാത്രമെന്നോവിശേഷിപ്പിക്കാം. പ്രധാനമായും ഹൈഡ്രജൻ, ഹീലിയം, കാർബൺ, സിലിക്കൺ തുടങ്ങിയ മൂലകങ്ങളാലാണ് നെബുലകളിൽ കാണാറുള്ളത്. എന്നിരുന്നാലും, പ്രധാനമായും ഹൈഡ്രജനും ഹീലിയവുമാണ് നെബുലകളിൽ ഉൾക്കൊള്ളുന്നത്. ചില നെബുലകൾ നൂറ് കണക്കിന് പ്രകാശവർഷങ്ങൾവലിപ്പമുള്ളവയാണെന്നതും അവിശ്വസനീയമായ സത്യങ്ങളാണ്.

നെബുലകളുടെ വലുപ്പത്തിൽ അത്രയേറെ ആശ്ചര്യത്തിന്റെ കാര്യം ഉണ്ടോ.! കുറച്ചു ജലം എടുത്ത് ഐസ് ആക്കിയാൽ എത്ര സ്ഥലം വേണം. അതേ ഐസ് ചൂടാക്കി പവർ ആക്കിയാലോ.! എന്ന് പറഞ്ഞത് പോലെത്തന്നെയാണ് നെബുലകളുടെ കാര്യങ്ങളും. പല രൂപത്തിലും വർണ്ണത്തിലും വലുപ്പത്തിലും പ്രകാശവർഷങ്ങളോളം നീണ്ട് അവ നില കൊള്ളുന്നു. ഈ ഭീമാകാരമായ രൂപം എങ്ങനെ സൂര്യനെ പോലെ ഒരു നക്ഷത്രമായി മാറുന്നു എന്ന് നോക്കാം.! ഹൈഡ്രജനും ഹീലിയവും ചേർന്ന ഭീമാകാരമായ മേഘം നീരാവിയായി മാറി ജലം പോലെ നിലകൊള്ളുന്നു. എന്നാൽ ഇവ ചേർന്ന് നെബുലയുടെ ഏതെങ്കിലും ഭാഗത്ത് ചെറിയ ഗുരുത്വാകർഷണം രൂപപ്പെടുന്നു. ഈ ഗുരുത്വാകർഷണത്തിൽ പ്രധാനമായും ഹൈഡ്രജൻ കൂടി ചേർന്ന് Critical Mass എന്ന അവസ്ഥയിലേക്ക് എത്തിച്ചേരുന്നു. ഇത്തരത്തിൽ സംഭവിച്ചതിന്റെ പരിണിതമായി ചെറിയ ഹൈഡ്രജൻ ഫ്യൂഷൻ ഉടലെടുക്കുന്നു.

താപത്തിലുണ്ടാകുന്ന വ്യത്യാസങ്ങളാകാം ഇത് സാധ്യമാക്കുന്നത് എന്ന് പഠനങ്ങൾ പറയുന്നു. ഇങ്ങനെ സംഭിവിക്കുന്ന ഹൈഡ്രജൻ ഫ്യൂഷൻ താൻ നിലകൊള്ളുന്ന നെബുലയെ മുഴുവൻ തന്റെ ഗുരുത്വാകർഷണത്തിലേക്ക് വലിക്കുകയും ഒരു ഗോളാകൃതി പ്രാപ്തമാക്കുകയും ചെയുന്നു. ശേഷം **Core-Â** നിന്നുകൊണ്ട് ഹൈഡ്രജൻ ഫ്യൂഷൻ തുടരുകയും ചെയുന്നു. ഇപ്രകാരമാണ് ഒരു നക്ഷത്രം നെബുലയിൽ നിന്ന് ജനനം കൊള്ളുന്നത്. എന്നാൽ നക്ഷത്രത്തിന്റെ ആയുസ്സ് നിർണയിക്കുന്നത് അവയുടെ വലിപ്പം അഥവാ മാസ്സാണ്. സൂര്യനെ പോലുള്ള ഇടത്തരം വിഭാഗത്തിൽപ്പെടുന്ന നക്ഷത്രങ്ങൾക്ക് (അവയുടെ മാസ്സ് അനുസരിച്ച്) 1000 കോടി വർഷം മാത്രമാണ് ആയുസ്സ്. സൂര്യനെക്കാൾ ചെറുതാണ് ഒരു നക്ഷത്രത്തിന്റെ വലുപ്പം എങ്കിൽ അത് സൂര്യനെക്കാളേറെ വർഷം ജീവിക്കും. അതായത് വലുപ്പം കൂടുന്നതിനനുസരിച്ച് അതിലെ ഹൈഡ്രജൻ ഫ്യൂഷന്റെ അളവ് കൂടുകയും വളരെ വേഗം അന്ത്യത്തിലേക്ക് അടുക്കുകയും ചെയുന്നു. അപ്രകാരം ഒരു നക്ഷത്രത്തിന്റെ ആ

യുസ്സ് അതിന്റെ വലുപ്പത്തിന്റെ ആധാരത്തിൽ നിർണ്ണയിക്കപ്പെടുന്നു.

നെബുലകളെ അവയുടെ സവിശേഷതകൾ അടിസ്ഥാനപ്പെടുത്തി പ്രധാനമായും നാലായി തരം തിരിച്ചിരിക്കുന്നു. **Dark Nebula, Reflection Nebula, Planetary Nebula, Emission Nebula.** ഇത്തരത്തിലുള്ള ഓരോ നെബുലകൾക്കും അതിന്റേതായ സവിശേഷതകൾ ഉണ്ട്. നെബുലകളെ കുറിച്ച് ആധികാരികമായ വിവരങ്ങളും ചിത്രങ്ങളും നമ്മുക്ക് നൽകുന്നതിൽ കെപ്ലർ, ഹബ്ബ്ൾ പോലുള്ള സ്പേസ് ടെലിസ്കോപ്പുകൾ വളരെ വലിയ പങ്ക് വഹിക്കുന്നു. ഇനി വരാൻ പോകുന്ന ജെയിംസ് വെബ്ബ് ടെലെസ്കോപ്പ് ഇതിലും വലിയ വെളിപ്പെടുത്തലുകൾ നൽകുമെന്ന് പ്രതീക്ഷിക്കുന്നു. ഇന്ന് കാണുന്ന നാമുൾപ്പെടെ എല്ലാം ഉണ്ടായത് നെബുലകളിൽ നിന്നാണ്. നക്ഷത്രങ്ങളും, ഗ്രഹങ്ങളും, ജീവീയവും അജീവീയവും അങ്ങനെ സർവ്വവും നെബുലകളിൽ നിന്ന് ഉത്ഭവിച്ചതാകുന്നു.

ജീവ ശരീരത്തിലെ കോശങ്ങൾ പോലെ തന്നെ എല്ലാം മാറിക്കൊണ്ടിരിക്കുന്നു. ഉള്ളവ നശിക്കുകയും പുതിയത് രൂപപ്പെടുകയും ചെയ്തുകൊണ്ടേ ഇരിക്കുന്നു. പ്രപഞ്ചത്തിന്റെ ഏതോ മൂലയിൽ സംഭവിച്ച ഒരു മഹാവിസ്ഫോടനത്തിൽ നിന്നാണ് ഇന്ന് കാണുന്ന നാമുൾപ്പെടെ എല്ലാം ഉണ്ടായതെന്നോർക്കുമ്പോൾ എന്ത് അത്ഭുതമാണല്ലേ.! പ്രപഞ്ചവുമായ് അത്രയടുത്ത് ബന്ധപ്പെട്ടുകിടക്കുന്നു നാമെല്ലാം. മനുഷ്യ ശാസ്ത്രത്തിനും നെബുലക്കും അപ്പുറം എത്രയോ അത്ഭുതങ്ങൾ നാമറിയാതെ നിലകൊള്ളുന്നു. ഒന്നുകിൽ അത് മനുഷ്യ ശാസ്ത്രം കണ്ടെത്തും.!അതല്ലെങ്കിൽ മനുഷ്യനും മുൻപേ മറ്റാരെങ്കിലും.!
അത് വരെ നെബുലയാണ് ആദ്യം.
നെബുലതന്നെയാണ് അന്ത്യവും.

• • •



**ജ്യോതിഷ് കൃഷ്ണൻ എം**
B.Sc. Physic 2017-20

# നിൻ പ്രണയം

നിൻ പ്രണയം തുമ്പപ്പൂവിന് ഉത്തമം...
എൻ പാതയിൽ നീ പ്രണയ പൂക്കളുമായി
കാത്തുനിന്നു...

ദിശ അറിയാതെ നിന്ന നാൽക്കവലയിൽ
നിന്റെ പ്രണയം എന്നും എനിക്ക്
വഴികാട്ടിയിരുന്നു
ജീവിതം സന്ധ്യയോട് അടുക്കുന്നു...
എന്നിട്ടും നീയെന്ന വസന്തത്തിനായ്
ഞാൻ കാത്തിരിക്കുന്നു...

നിൻ നോട്ടവും ചിരിയുമെല്ലാം എന്നും
എൻ സ്വപ്നങ്ങളിൽ തെളിയുമായിരുന്നു...
ആ സ്വപ്നം കണ്ടുകൊണ്ടേയിരിക്കാൻ
ഞാൻ എന്നെന്നേക്കുമായി ഉറങ്ങുന്നു....




**ദൃശ്യ പി. സുഗുണൻ**
B.A. Economics 2018-21

# ഇരുട്ട്

**ഓടിയൊളിയ്ക്കാനൊരിരുട്ട് തേടിയലയുകയാണ് ഞാൻ...**
**നിഴൽ പോലുമെന്നെ കണ്ടുപിടിയ്ക്കാത്തത്ര**
**മരണത്തെക്കാളും തണുപ്പുള്ളോരിരുട്ട്...**
**കാലാന്തരങ്ങളും.. ഋതു ഭേദങ്ങളും കടന്നു**
**പൊയ്ക്കൊള്ളട്ടെ...**
**നിലാവും നക്ഷത്രങ്ങളും ആകാശ ഗംഗയും അലയാഴിയും**
**അഗ്നികുണ്ഡങ്ങളും എന്നെയും തേടിയലയട്ടെ...**
**ഒരിക്കലും അണയാത്തൊരിരുട്ടിന്റെ കൈകളിൽ**
**ഞാനെന്റെ പ്രാണനെ പകുത്തു നൽകട്ടെ...**
**ഇനിയും മരിയ്ക്കാത്ത എന്റെ സ്വപ്നങ്ങളെ**
**ഞാനെന്റെ ചിതയിൽ ചേർത്തണയ്ക്കട്ടെ..**




***ശ്രുതിമോൾ എൻ എസ്***
***B.Sc. Chemistry 2016-19***



# പിറ ചൊന്നത്

നേരം കറുക്കുമ്പോൾ കഥ കേട്ടുണ്ണുവാനും
ഉറങ്ങുവാനും
ഒരു മുത്തി വേണം...
പിച്ച നടന്ന് കാൽ കഴയ്ക്കുമ്പോൾ
പുറത്തേറ്റി ആനകളിയ്ക്കാൻ
മുത്തനും വേണം...
ഉച്ചമയങ്ങി ഏക്കുമ്പോൾ അയലത്തെ
അമ്മിണിത്തള്ളയുടെ
മുറുക്കിച്ചുവന്ന
തുപ്പൽനനവുള്ള ഉമ്മകൾ
തടുക്കാൻ ചിത്തി വേണമെനിക്ക്...
കാവിലെ ഉത്സവം കണ്ട്
മതിതീർന്ന് മടങ്ങുമ്പോൾ
വളകൾ, കൺമഷി, ബലൂണും
വാങ്ങിത്തരാൻ മാമനില്ലെനിക്ക്...
അമ്മേ... അമ്മ അച്ഛനെ സ്നേഹിച്ചതിനാൽ
നഷ്ടപ്പെട്ടത് എല്ലാം എനിക്കും കൂടിയാണ് ....

കടപ്പാട്: ശെൽവി






**പ്രൊഫ. ബിബു നാരായണൻ**
Politics & Journalisam Department

With best Compliments from

Break Coffee
FAMILY RESTAURANT



CHALAPPARAMBU, VAIKOM Ph: 8075369549, 9447101906

INDIAN | CHINESE | CONTINENTAL

# NOBEL PRIZE IN LITERATURE

The Nobel Prize is a set of annual international awards bestowed in several categories by Swedish and Norwegian institutions in recognition of academic, cultural or scientific advances. The will of the Swedish chemist, engineer and industrialist, Alfred Nobel established the five Nobel Prizes in 1895. The prizes in Chemistry, Literature, Peace, Physics and Physiology or medicine were awarded in 1901. The prizes were widely regarded as the most prestigious wards available in their respective fields.

The 'prestige' of the Nobel Prize stems in part from a considerable research that goes in to this selection of prize winners. Although the winners are announced in October and November, the selection process begins from the early autumn of the preceding year. Some 1000 people submit nominations in each prize and the number of nominees' ranges from 100 to about 250. The final decision by awarders must be made by November 15. Prizes may be given only to individuals except peace prize which may also be conferred upon an institution.

Each Nobel Prize consists of a gold medal, a diploma bearing a citation and a sum of money. The prizes are open to all irrespective of nationality, race, creed or ideology.

The first Nobel Prize was awarded in 1901. Sully Prudhomme, was a French poet, who was an active member of the Parnassian movement, which sought to restore elegance, balance and aesthetic standards to poetry, in reaction to excess of romanticism.

Peter Handke, Avant Garde, Austrian playwright, poet, essayist and novelist, one of the most original German language writers in the second half of 20th century. He was awarded 2019 Nobel prize in Literature, cited for "an intellectual work that with linguistic ingenuity has explored the periphery and specificity of human experience".

His novels are for most part of ultra-objective deadpan accounts of characters who are in extreme states of mind. His best known novel is 'Die Angst des Tormans beim Elfemeter'. He co-wrote screenplays for several movies directed by Wim Wanders.

The 2018 Nobel Prize was awarded belatedly in 2019. It was postponed after the jury was engulfed in scandal.

Olga Tokarczuk, was a polish writer who was well known for her wry and complex novels that leap between persons, centuries and mythologies. It was in 2018, that she made her international break through by achieving the 'Man Booker International Prize'. She won it with her novel 'Flights' which was originally published in Polish in 2007.

In 1998, she published, 'House of Day, House of Night', the first of what she called her constellation novels.

In addition to her literacy works, Tokarczuk, co-wrote scripts for the feature film 'Pokot'. She also inaugurated the Annual Literary Festival in 2015, held in summer near her home in Southern Poland.

The Nobel Prize in Literature is not the only literary prize for which all nationalities are eligible. The "America Award in Literature", which does not include a monetary prize, presents itself as an alternative to the Nobel Prize in Literature. All these prizes are for honouring the lifetime achievement of writers and to award their intellectual achievements in this world.



**Amrutha D**
B.com 2018-21

# "അടൂർ ഗോപാലകൃഷ്ണനുമൊത്ത് അരനാഴികനേരം....."



**ജീവിതഗന്ധവും ബന്ധങ്ങളുടെ ഊഷ്മളതയും സാമൂഹിക പശ്ചാത്തലവും സമന്വയിപ്പിച്ച് സിനിമ എന്ന കലയെ ജീവിതമാക്കി മാറ്റിയ സൂര്യതേജസ്സാണ് അടൂർ ഗോപാലകൃഷ്ണൻ. സിനിമാലോകത്ത് അരനൂറ്റാണ്ട് പിന്നിട്ടുകൊണ്ട് തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച് മലയാള സിനിമയെ ലോകസിനിമകളുടെ ശ്രേണിയിലേക്ക് കൈപിടിച്ചുയർത്തിയ പത്മവിഭൂഷൺ അടൂർ ഗോപാലകൃഷ്ണനുമായി കുറച്ചുനേരം.**

***1. സെലക്ടീവായി മാത്രം സിനിമകൾ സൃഷ്ടിക്കുകയും അതെല്ലാം തന്നെ സമൂഹത്തോട് അല്ലെങ്കിൽ പ്രേക്ഷകരോട് നൂറുശതമാനം ധാർമ്മികത പുലർത്താൻ കഴിഞ്ഞിട്ടുള്ളതുമാണ്. സാറിന് ഇത്തരം സിനിമകൾ നിർമ്മിക്കുവാൻ സാധിച്ചത് ഏതെങ്കിലും വ്യക്തികളിൽ നിന്നും ലഭിച്ച സ്വാധീനമാണോ?***

ഒരുപാട് ആളുകൾ ജീവിതത്തിൽ സ്വാധീനിച്ചിട്ടുണ്ട്. ജൻമം നൽകിയ മാതാപിതാക്കൾ മുതൽ ധാരാളം ആളുകൾ. പുസ്തകങ്ങൾ വായിക്കുന്ന ഒരാൾക്കുമാത്രമേ നല്ലൊരു എഴുത്തുകാരൻ ആകാൻ സാധിക്കുകയുള്ളു. അതു പോലെ നല്ല സിനിമകൾ കാണുന്നവർക്കും കണ്ടു കൊണ്ടിരിക്കുന്നവർ ക്കും മാത്രമേ നല്ല സിനിമകൾ ചെയ്യാൻ സാധിക്കൂ. ആദ്യകാല സിനിമകൾ മുതൽ ലോകത്തുണ്ടായിക്കൊണ്ടിരിക്കുന്ന എല്ലാ സിനിമകളും ഞാൻ കാണുന്നുണ്ട്. അവയിൽ ധാരാളം സിനിമകൾ സ്വാധീനുക്കുകയും ചെയ്തിട്ടുണ്ട്. തുടർച്ചയായി മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്ന അല്ലെങ്കിൽ വളർന്നു കൊണ്ടിരിക്കുന്ന ഒന്നാണ് സിനിമ.

***2. കൊച്ചിൻ മുസരീസ് ബിനാലെ തുടക്കം മുതൽ തന്നെ അങ്ങ് അതിന്റെ ഉപദേശകസമിതിയിലെ അംഗമായിരുന്നല്ലോ. അതിൽ നിന്നുള്ള അനുഭവം ഒന്ന് പങ്ക് വെക്കാമോ ?***

ബിനാലെ എന്നു പറയുന്നത് കണ്ട് മനസ്സിലാക്കാനുള്ളതാണ്. ചോദിച്ചറിയേണ്ടതല്ല വ്യത്യസ്തതയാണ് ഓരോ ബിനാലയുടെയും സവിശേഷത. ഓരോ തവണയും ഓരോ Curators ആണ് ബിനാലയുടെ ചുമതല വഹിക്കുന്നത്. ഓരോ Curatorsന്റെയും കാഴ്ചപ്പാടിലൂടെയാണ് ഓരോ പ്രാവശ്യവും മുന്നോട്ടു പോകുന്നത്. 2019 ൽ ഒരു സ്ത്രീയായിരുന്നു Curator ആയിരുന്നത്. അതുകൊണ്ട് സ്ത്രീക്ക് പ്രാധാന്യം നൽകുന്ന വിഷയങ്ങൾ ആയിരുന്നു കൂടുതൽ കടന്നുവന്നത്.



***3. നാലുപെണ്ണുങ്ങൾ എന്ന സിനിമ കഴിഞ്ഞിട്ട് ആറേഴു വർഷങ്ങൾക്കു ശേഷമാണല്ലോ 'പിന്നെയും' എന്ന സിനിമ ചെയ്യാൻ കഴിഞ്ഞത്. ഈ ഗ്യാപ്പ് വരാനിടയാക്കിയ സാഹചര്യം എന്തായിരുന്നു സർ?***

നിങ്ങളൊക്കെത്തന്നെയാണ് കാരണം. പുതിയ തലമുറ കഥപറയുന്ന രീതിക്കും, അവർ ഉപയോഗിക്കുന്ന ദൃശ്യഭാഷയ്ക്കും പല പ്രത്യേകതകളും ഉണ്ട്. കലാമൂല്ല്യങ്ങളോ കഥാമൂല്ല്യങ്ങളോ അല്ല നിങ്ങൾ യുവാക്കൾ ഇപ്പോൾ ഇഷ്ടപ്പെടുന്നത്. മൂല്യങ്ങൾ ഉള്ള സിനിമകൾ യുവാക്കൾ കൈവിടുന്നതോടെ നല്ല സിനിമകൾ അന്യം നിന്നു പോകുന്നു. അതാണ് ഈ ഗ്യാപ്പ് വരാൻ കാരണം.

***4. വയലൻസും, ഫാന്റസിയും, അമാനുഷികതയും കടന്നുവന്നപ്പോൾ സിനിമയുടെ സാമൂഹിക പ്രതിബദ്ധത തന്നെയല്ലെ ഇന്ന് അപ്രസക്തമായിരിക്കുന്നത്. ഇത്തരം സന്ദർഭങ്ങളെ പൊതു സമൂഹം എങ്ങനെയാണ് ഉൾക്കൊള്ളാൻ ശ്രമിക്കുന്നത്?***



ഇന്ന് മാനുഷിക പരിഗണന എന്നതും മനുഷത്വം എന്നതും നമ്മുടെ നാട്ടിൽ നിന്ന് അന്യമായിക്കൊണ്ടിരിക്കുകയാണ്. വമ്പൻ പ്രചാരം സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന വാണിജ്യ സിനിമകൾ തന്നെ സെക്സ്, വയലൻസ് എന്നീ രണ്ടു തലങ്ങളിലൂടെയാണ് കടന്നു പോകുന്നത്. പുരുഷൻമാർക്കു മാത്രമേ അത്തരം സിനിമകളോട് താൽപര്യം ഉണ്ടായിരുന്നുള്ളൂ. സ്ത്രീകളുടെ കാഴ്ചപ്പാടിലും ജീവിതത്തിലും മാറ്റം വന്നപ്പോൾ ഇത്തരം സിനിമകളോട് സ്ത്രീകൾക്കും താൽപര്യം വന്നു. ഇന്നത്തെ ട്രെന്റ് പീഡനവും, കഴുത്തുവെട്ടലും, സാഹസികതയും ഉൾക്കൊള്ളുന്ന അതിക്രമദൃശ്യങ്ങളാണ്. പരുത്തിവീരൻ എന്ന തമിഴ് സിനിമ ഏറെ പോപ്പുലറായതും ഇത്തരം ദൃശ്യങ്ങളുടെ വൈകാരികതയാണ്. അങ്ങനെയുള്ള സിനിമകളെയാണ് സമൂഹം സ്വീകരിക്കാൻ തയ്യാറാകുന്നത്.

***5. സാറിന്റെ പുതിയ പ്രൊജക്റ്റിന് ഇപ്പോഴത്തെ സാമൂഹിക പശ്ചാത്തലം വിഷയമാകുമോ?***

പുതിയ പ്രൊജക്ടിനെക്കുറിച്ച് ഇതുവരെ ഒന്നും പ്ലാൻ ചെയ്തിട്ടില്ല.

***6.സിനിമയിലെ സ്ത്രീകഥാപാത്രങ്ങളും യാഥാർത്ഥ്യവുമായ് താരതമ്യം ചെയ്യുമ്പോൾ എന്തു തോന്നുന്നു ?***



അങ്ങനെ താരതമ്യം ചെയ്യുവാൻ തന്നെ സാധിക്കുമോ!... ദൃശ്യപത്രമാധ്യമങ്ങളിലൂടെയൊക്കെയും നമ്മൾ നിലവിൽ കാണുന്നത് സ്ത്രീയുടെയെന്നുപോലും വിശേഷിപ്പിക്കാവുന്നതിനും അപ്പുറത്തുള്ള പ്രവൃത്തികളും കാര്യങ്ങളുമാണല്ലോ അമ്മ എന്ന ഏറ്റവും മഹത്തായ സ്ത്രീ രൂപത്തിന് സിനിമയും നമ്മുടെ സംസ്കാരവും നൽകിയ രൂപത്തിന് പുറമെ എത്ര ഭയാനകമായൊരുഅവസ്ഥയാണ് നിലനിൽക്കുന്നത്. കഥാപാത്രങ്ങളും ജീവിത യാഥാർത്ഥ്യങ്ങളും തമ്മിൽ വലിയ അന്തരമുണ്ട്.

***7.താങ്കൾ ചെയ്തിരിക്കുന്ന 90% സിനിമകളുടെയും കഥ, തിരക്കഥ, സംവിധാനം താങ്കൾ തന്നെയാണ് ചെയ്തിരിക്കുന്നത്. അതിന്റെ പിന്നിൽ എന്തെങ്കിലും പ്രത്യേകമായ കാരണം?***



ഒരു മൂന്നു സിനിമകൾ ഒഴിച്ച് ബാക്കി എല്ലാം ഞാൻ തന്നെയാണ് കഥയും, തിരക്കഥയും, സംവിധാനവും ഒക്കെ ചെയ്തിരിക്കുന്നത്. അതിന് കാരണം എന്നു പറയാൻ പ്രത്യേകിച്ച് ഒന്നുമില്ല. എന്റെ സിനിമ എന്റെ ആശയവും എന്റെ കാഴ്ചപ്പാടുമാണ്. അതിൽ മാറ്റം വരുത്തുക കൂടുതൽ മെച്ചപ്പെടുത്തുക തുടങ്ങിയ സ്വാതന്ത്ര്യവും എല്ലാം തികച്ചും എന്റെ സ്വകാര്യതയാണ്. കഥയും, തിരക്കഥയും, സംവിധാനവും എല്ലാം ഒരുമിച്ച് ഞാൻ തനിയെ ചെയ്യുമ്പോൾ ശരിക്കും എന്റെ സ്വാതന്ത്ര്യത്തിന്റെ പരിപൂർണ്ണതയാണ്. അതുവഴി ആ സിനിമ എന്റെ കാഴ്ചപ്പാടിന്റെ അല്ലെങ്കിൽ എന്റെ ആശയത്തിന്റെ പരിപൂർണതയാണ് ഞാൻ കൈവരിക്കുന്നത്.

• • •

# In Love with Silence

Abandoned by birth
No name, no home
No one seemed to care



They looked for me everywhere
Chased me, hurt me
Voices and Cries
But they never stopped

Hunted by the past
I was running through the dark valley
Found a black rose
I felt the pain

I heard a whisper
"No one can hurt you more"
They pushed me down


My Silence was their victory
I never had a voice
Though I wanted to shout, I cried
This silence made things hard

I wanted to live
I wanted to be loved
This silence made things hard
Maybe I 'm in  love with Silence.

Gibi Mathew
B.Com  2017-20



## PENCIL SKETCHES




Daya Jayaprakash



Aryamol A.V.




Daya Jayaprakash



Martin Mathew



Aryamol A.V.



Anchitha

# ചൊവ്വാദോഷക്കാരി



കെട്ടുന്നെങ്കിൽ ഒരു ചൊവ്വാദോഷക്കാരിയെ കെട്ടണം
വെറും ചൊവ്വാ ദോഷക്കാരിയല്ല.....
കെട്ടിന്റെ എട്ടാം നാൾ കെട്ടിയവൻ തട്ടിപോകുമെന്ന്
ജാതകത്തിലുള്ള ഒരു ചൊവ്വാദോഷക്കാരിയെ.....
ആ എട്ടു ദിവസവും അവൾ ഞാൻ കെട്ടിയ താലി മുറുകെ
പിടിച്ചു എനിക്കായി മനമുരുകി പ്രാർത്ഥിക്കും...
ആ എട്ടു ദിവസവും വഴിക്കണ്ണുമായി മുപ്പത്തിമുക്കോടി
ദൈവങ്ങളേം വിളിച്ചു അവളെന്റെ വരവും കാത്തിരിക്കണം...
ആ എട്ടു ദിവസവും അവളെന്റെ നെഞ്ചിൽ കിടന്നു ഉറങ്ങണം
എന്റെ ഹൃദയത്തിന്റെ സ്പന്ദനം അറിയും
ആ എട്ടു ദിവസവും അവളുടെ ചുണ്ടുകൾ എനിക്കായി
മാത്രം മന്ത്രിക്കണം.....
ആ കണ്ണുകൾ എനിക്കായി മാത്രം തുളുമ്പും...
ആ ഹൃദയം എനിക്കായി മാത്രം തുടിക്കും....
ആ കാതുകൾ എൻ സ്വരത്തിനായി മാത്രം കാതോർക്കും...
ആ എട്ടു നാൾ എനിക്കവൾ വാത്സല്ല്യമേകുന്ന അമ്മയാവും...
അനുസരിപ്പിക്കുന്ന അനിയത്തിയാവും.... ശാസിക്കുന്ന ചേച്ചിയാവും....
എന്നിട്ടാ എട്ടാം നാളിന്റെ അന്ത്യയാമത്തിൽ
ഞങ്ങളൊരുമിച്ചാ മട്ടുപ്പാവിൽ നിന്ന് ആകാശത്തേക്കു-
നോക്കി ചൊവ്വയോട് ഒരുപാട് നന്ദി പറയും....
ഞങ്ങളുടെ മനസ്സുകളെ ഒരുമിച്ച് സ്നേഹിക്കാൻ പഠിപ്പിച്ചതിന്
ഞങ്ങളുടെ മനസ്സുകളെ ഒന്നായി ചിന്തിപ്പിച്ചതിനു...
ഞങ്ങളുടെ ഹൃദയം ഒരു പോലെ തുടിപ്പിച്ചതിനു...
എല്ലാത്തിനുമുപരി ഞങ്ങളുടെ ജീവിതത്തിനു ശക്തമായ അടിത്തറ നൽകിയതിന്
ആ നന്ദിപറച്ചിൽ കേട്ടാവണം ഞങ്ങൾക്കായി ഒൻപതാം നാൾ പുലരേണ്ടത്
ആ പുലരിയിൽ നിന്നാവണം ഈ ജൻമം
മുഴുവനുള്ള പുലരികൾക്ക് തുടക്കം......



**അനന്തു അശോകൻ**
B.Com 2017-20

With best Compliments



Juhi Salwar Hut
West Gate, Vaikom
Ph: 9496789665
Email: jomycjjuhisalwar@gmail.com

# MOTHER'S FRAGRANCE

The railway platform was almost empty as darkness drank the light. Ram stood along the corner, as he has no one to accompany him. His mind was lost in thoughts. Allowing his thoughts to be wandered freely, he simply looked at the sky. He wanted to see the smiling moon, but the clouds didn't pave the way.

"Money doesn't remove the darkness and loneliness from my mind", he thought. The long forty six desperate years of his life came across his mind like a moving picture. He spoke to himself again

"where all those forty years unhappy for me"?

No... His heart replied immediately

Those twenty years were really cherishing. And his happiness was all around her. Thoughts about her, automatically, led to a smile on his face. But the past twenty six years. A smile again with sorrow and grief. He started to dream whether his mother will recognize him.

The howling of the train made him jerk so he came out of his wandering thoughts. He got in and kept his luggage safely near the seat which was reserved. Then he started his journey on those uncountable wheels.

It was morning, the sun was arise when he awoke. It looks as if the cheeks of the sky was blushed in red to receive her son with love. The train entered the countryside and Ram was excited to meet his mother.

Little Ram was always happy spending time with her. She looked after him until the age of twenty, but his happiness was stolen from him by the sudden paralysis of his mother. When she left him he did not shed a tear but his heart was torn with agony.

That night, he left the place and now twenty six years later he is visiting that six feet of land again.

Once he reached there, he started crying. Twenty six years of sorrow drained off. He felt his mother's warmth and presence. His anger towards his mother for leaving him was washed away. He became the old Ram and decided to build a shelter for the needy. The jasmine plant that was planted on the six feet of land blossomed with its fragrance.



**Aiswarya M.R**
B.Sc. Physics 2017-20



## പറയാതെ പോയത്.....

പണ്ടേ പറയാൻ കൊതിച്ചതാം വാക്യങ്ങൾ
പാതി വഴിയിൽ മറന്നപോലെ
പലനാളായി ഞാൻ കാത്ത മോഹങ്ങളൊക്കെയും
പടിവാതിലിൽ വീണുടഞ്ഞപോലെ
ഒരുപാട് സ്വപ്നങ്ങൾ പൂവിട്ട പൂമരം
കാറ്റിൻ കരങ്ങളിൽ പെട്ടപോലെ
നീയറിയാതെ എൻമിഴികൾ പറഞ്ഞൊരാ
ഇഷ്ടങ്ങളൊക്കെയും നഷ്ടമാകേ
പറയാതെ ഞാൻ കാത്ത പ്രണയമേ
നീ എന്റെ വഴിയേ തിരിച്ചെത്തുന്ന പോലെ...

കൃഷ്ണപ്രിയ വിനോദ്
B.Sc.Physics 2017-20

# Jewish Silence



We are the oppressed ones
He said we are the oppressed ones
Aryans were the superior ones
And our homeland made us their enemy

Our secret hideout was Peaceful and Quiet
But for a girl of fourteen
This quietness and silence was frightening
She knew they are the outcast

Silence was the only thing prevailed
Pa and Ma talked less so was I
Our souls were deeply sinned
In to the terror stricken silence

We stay silent in our mother's womb
But our loud cry make our loved ones happy
But when we left they had to remain silent
After that our loud ones makes the loudest cries

As a child I dreamt of traveling
I always wanted to go camping
I love the beautiful meadows
But all I have now is imprisonment

One day Nazis barked at our door
They busted out to our hideout
And we were all taken in custody
I lost everyone and everything that I belong

All we know was we will never meet again
The Gas chambers were deadly
The loud cries were unheard
Only the terror and silence remain

We are the oppressed ones
We had suffered for all
All that now remained was our golden silence
We were silent as the old graveyard.



**Siby Joseph**
B. A. Economics 2017-20

# Mangroves - The Unique Ecosystem of Earth



Mangroves protect shorelines from damaging storms, hurricane winds, waves, and floods. Mangroves also help prevent erosion by stabilizing sediments with their tangled root systems- the pneumatophores. They maintain water quality and clarity, filtering pollutants and trapping sediments originating from land.

Serving as valuable nursery areas for shrimp, mollusks, and fishes. Mangroves are a critical component of Kerala's fishery resource. These habitats provide a rich source of food to myriads of organisms while also offering refuge from predation. Fisheries would suffer a dramatic decline without access to healthy mangrove habitats.

In addition to commercially important species, mangroves also support a large number of threatened and endangered species. It also serves as an ideal ecological niche for many wetland birds.

From time immemorial people have utilized mangrove trees as a renewable resource. Harvested for durable, water- resistant wood, mangroves have been used in building houses, boats, pilings, and furniture. The wood of the black mangrove trees has also been utilized in the production of charcoal. Tannins and other dyes are extracted from mangrove bark. Leaves have been used in tea, medicine, livestock feed, and as a substitute for tobacco for smoking. Beekeepers can set up the artificial hives close to mangroves in order to use the nectar for honey production.

Mangrove forests have a potential to mitigate climate change, through the sequestration of carbon from the atmosphere directly, and by providing protection from storms which are expected to become more intense and frequent in the coming years.

Wetland plants like mangroves take in carbon dioxide when they perform photosynthesis. They then convert this into biomass made of complex carbon compounds. Being the most carbon rich tropical forest mangroves are highly productive and are found to store 3 to 4 times more carbon than tropical forests. This is known as blue carbon. Mangroves make up only 0.7% of tropical forest area worldwide. Yet studies indicate that mangrove ecosystems play a pivotal role in carbon sequestration thereby mitigating climate change. The UN estimate deforestation and forest degradation to make up 17 % of global carbon emissions, which makes it the second most polluting sector, following the energy industry. The cost of this globally is estimated to total 42 billion dollars. Therefore, in recent years, there has been more focus on the importance of mangroves with initiatives being developed to use reforestation as a mitigation tool for climate change.

Keeping the above facts in mind, hope that the students of our college will contribute their intellectual and physical resources for the restoration of mangroves in our campus. Today's students who are the future leaders of the nation should act as ambassadors of green initiatives which will ultimately help in combating climate change and also in sustaining the biodiversity of our pristine campus.



**Dr.Saritha Ramachandran**
Dept. of Zoology & Aquaculture

# അലത്താളം

ഒരിക്കലും ഈ കഥ എഴുതരുതെന്ന് കരുതിയതാണ്. ആത്മാവിലേക്ക് ആഴ്ന്നിറങ്ങിയ ആ പ്രണയത്തെ എനിക്ക് ഈ ജന്മം പൂർണ്ണമായി വിവരിക്കാനോ വർണ്ണിക്കാനോ കഴിയില്ല, കാരണം എന്നിലെ എഴുത്തുകാരി അത്രക്കൊന്നും വളർന്നിട്ടില്ല.....

അലത്താളത്തിന്റെ ഓളങ്ങൾക്കിടയിലാണ് ആ കണ്ണുകൾ തീ പോലെ എന്നിലേക്ക് പടർന്നു കയറിയത്.....കലോത്സവത്തിൽ പങ്കെടുക്കുക എന്നത് പണ്ടേ ഉള്ളിൽ ഒളിഞ്ഞു കിടന്ന ഒരു സ്വപ്നമാണ്. ഡിഗ്രിക്ക് പഠിക്കുന്നതിനിടയിലെ രണ്ടാം വർഷമാണ് അതിനൊരു അവസരം എനിക്ക് ഒത്തു കിട്ടിയത്. പ്രസംഗം ആയിരുന്നു എന്റെ മത്സരയിനം....

പങ്കെടുക്കുക, പിന്നെ എന്റെ പ്രിയപ്പെട്ട സുഹൃത്തുക്കൾക്കൊപ്പം സി എം എസിലെ രാവും പകലും തൊട്ടറിയുക.... സി എം എസിലെ പ്രണയവും സൗഹൃദവും തുളുമ്പുന്ന രാപകലുകളെ കുറിച്ച് അത്ര കേട്ടി രിക്കുന്നു.... അതൊന്ന് അനുഭവിക്കുക എന്നത് ഒരു തീരാസ്വപ്നം പോലെ മനസ്സിലങ്ങനെ കിടക്കാൻ തുടങ്ങിയിട്ട് നാളുകുറെ ആയി....

അങ്ങനെ ആ ദിവസം വന്നെത്തി. രാവിലെ തന്നെ മത്സരത്തിനായി ഇറങ്ങി. കാര്യം മത്സരം ഉച്ചക്ക് ഒരുമണിക്കാണ്, അതും ബെസേലിയസിൽ വെച്ച്. അതുവരെ കൂട്ടുകാരുമൊത്ത് -സിഎം എസൊന്ന് ആസ്വദിക്കണം... ഉച്ചവരെ സിഎം എസിലെ അപ്പൂപ്പൻതാടിയോടൊത്ത് കളിച്ചും പ്രണയം പൂക്കുന്ന താഴ്വരയും അണ്ണാൻകുന്നും പഴയ പള്ളിയും ഒക്കെ ഓടി ചാടി നടന്നു കണ്ടു. മൊത്തത്തിൽ അങ്ങ് കളർ ആക്കി എന്തോ ആ ക്യാമ്പസിന് പോലും പ്രണയത്തിന്റെ സൗരഭ്യമാണെന്ന് തോന്നി പോയി.

അങ്ങനെ ഉച്ചക്ക് ഒരുമണി വന്നെത്തി.... പതിവില്ലാതെ ഒരു പേടി.... ഓരോ പരിപാടിയിലും പങ്കെടുക്കുന്നവരെ കാണണം, കഴിവ് തന്നെ... നമ്മളൊക്കെ എന്ത് എന്നൊരു തോന്നൽ.....

അങ്ങനെ സി എം എസിൽ നിന്നും ബെസെലിയസിൽ എത്തി....അവിടെ ചെന്നതും നെഞ്ചിടിപ്പ് കൂടി..എനിക്ക് കിട്ടിയ എൻട്രി പാസ്സുമായ് പ്രസംഗവേദിയിൽ എത്തികൂടെ ഈനാം പെച്ചിക്ക് മരപ്പട്ടികൂട്ട് എന്നപോലെ ആദിയും ഉണ്ടായിരുന്നു.....ടെൻഷൻ ഉള്ളിൽ അങ്ങനെ തളം കെട്ടി കിടക്കുകയായിരുന്നു....... ഒരു ധൈര്യത്തിനു വേണ്ടി പ്രിയപ്പെട്ട സുനിൽ മാഷിന്റെ പ്രസംഗം വേദിക്ക് പുറത്തിരുന്ന് കേട്ടു കൊണ്ടിരുന്നു.... പെട്ടെന്ന് ആരോ ഒരാൾ അടുത്ത് വന്നിരുന്നു. ടെൻഷൻ കാരണം അയാളെ എനിക്ക് ശ്രദ്ധിക്കാൻ കഴിഞ്ഞില്ലാ...അയാൾ എന്നെ ശ്രദ്ധിക്കുന്നത് ഞാൻ അറിഞ്ഞതുമില്ലാ.... അങ്ങനെ നിമിഷങ്ങൾ കടന്നു പോയി. ഉദ്ദേശം രണ്ടുമണി കഴിഞ്ഞപ്പോൾ സംഘാടകർ എത്തി ഞങ്ങൾ മത്സരാർത്ഥികളെ കുറച്ചു ദൂരെ ഉള്ള മറ്റൊരു മുറിയിലെക്ക് മാറ്റി, പ്രസംഗത്തിന്റെ വിഷയം ചോരാതിരിക്കാൻ.അവിടെ വെച്ചാണ് ആ കണ്ണുകളെ ഞാൻ ആദ്യ മായി കാണുന്നത്... എന്തോ അയാൾ എന്റെ അ ടുക്കൽ വന്നിരുന്നു ഞാൻ ഒറ്റക്ക് ആയിരുന്നു ആ ബെഞ്ചിൽ... എങ്കിലും മുൻപോട്ടും പുറ കോട്ടും തിരിഞ്ഞിരുന്നുള്ള സംസാരത്തിന്റെ തിരക്കിലായിരുന്നു.

ഞാൻ അയാളെ നോക്കി ഒന്നു ചിരിച്ചു അയാൾ എന്നെയും നോക്കി ചിരിച്ചു. തീക്ഷ്ണത ജ്വലിക്കുന്ന കണ്ണുകൾ..... മുൻപിൽ നിന്നും പുറകിൽ നിന്നും അയാൾക്ക് നേരെ പല ചോദ്യങ്ങളും ഉയർന്നു.... ആ ചോദ്യത്തിന്റെ ഉത്തരങ്ങളിൽ നിന്ന് എനിക്ക് മനസിലായി പിജി വിദ്യാർത്ഥി ആണെന്ന്, അതും യൂണിവേഴ്‌സിറ്റി യിൽ ആണ് പഠിക്കുന്നതെന്നും. ഞാൻ ഉടനെ ചോദിച്ചു 'ചേട്ടാ... ചേട്ടന്റെ പേര് എന്താ... ' അയാൾ മറുപടി തന്നു 'ജയകൃഷ്ണൻ........' എന്നിട്ട് തിരിച്ച് എന്നോടും അതെ ചോദ്യം ആവർത്തിച്ചു.. ഞാനും ചിരിച്ചുകൊണ്ട് പറഞ്ഞു 'അഞ്ജലി....... '

ഞങ്ങൾ പരിചിതരായി മാറി. അയാളിൽ എനിക്ക് ഏറ്റവും ആകർഷകമായി തോന്നിയത് ആ ശബ്ദമായിരുന്നു... എന്തോ എനിക്ക് അത് അയാ ളോട് പറയണം എന്ന് തോന്നി...

ഞാൻ പറഞ്ഞു 'നല്ല ശബ്ദം ആട്ടോ'.

അയാൾ ചിരിച്ചു കൊണ്ട് പറഞ്ഞു, 'താങ്ക്യൂ'.

അപ്പോഴേക്കും അടുത്ത നടപടി ക്രമങ്ങൾക്കായി സംഘാടകർ എത്തിയിരുന്നു. അവർ എല്ലാവർക്കും ചെസ്റ്റ് നമ്പർ നൽകി. മൊത്തം എഴുപത്തിയെട്ടു പേർ. അതിൽ, എനിക്ക് കിട്ടിയ നമ്പർ മുപ്പത്തിയെട്ട്, അയാൾക്ക് ഒന്നും... ഭാഗ്യവാൻ, ഞാൻ മനസ്സിൽ കരുതി...ഉള്ളിൽ അപ്പോഴും എവിടയോ ഒരു നീറ്റൽ..

ചുറ്റും നിശബ്ദത. കുറച്ചു നിമിഷങ്ങൾക്ക് ശേഷം, ഞങ്ങളുടെ കൈകളിൽ നിന്ന് ഫോണും മറ്റു സാധനങ്ങളും വാങ്ങിവെക്കുമെന്നും, അതിനു മുന്നേ വീട്ടിലേക്ക് വിളിക്കാനും അവർ ആവശ്യപ്പെട്ടു.

ഇതൊക്കെ അറിയും മുന്നേ എന്റെ സന്തത സഹചാരിയായ ഡയറിയും പേനയും കൈയിൽ കരുതിയ ശേഷം എല്ലാം ആദിയെ ഏൽപ്പിച്ചിരുന്നു. ആദ്യം ചെറിയ മടി തോന്നിയെങ്കിലും... മറ്റാരോടും ഫോൺ ചോദിക്കാൻ നിർവാഹം ഇല്ലാത്തതിനാൽ അയാളോട് തന്നെ ചോദിച്ചു....



അയാളുടെ ഫോണിൽ നിന്ന് ഞാൻ അമ്മയെവിളിച്ച് മത്സരം കഴിയാൻ വൈകുമെന്ന് പറഞ്ഞു. ഞാൻ എന്റെ സ്ഥാനത്തു പോയി ഇരുന്നു. അടുത്ത അപ്പോഴും അയാളുണ്ടായിരുന്നു.. അവിടെ അയാൾ ആദ്യം പോകാൻ കഴിയുമെന്ന ആവേശത്തിൽ ഇരിക്കുകയായിരുന്നു. അയാൾ പോകാതിരുന്നെങ്കിൽ എന്ന് ഒരു നിമിഷം എനിക്ക് തോന്നി പോയി. പക്ഷെ, അയാൾ പോകും... പോട്ടെ.. ഞാൻ എന്നോട് തന്നെ പറഞ്ഞു....

അപ്പോഴാണ് പുറകിൽ നിന്ന് എനിക്ക് ഒരു വിളി വന്നത്. 'അതേയ് ഈ ചെസ്റ്റ് നമ്പർ ഒന്ന് എക്സ്ചേഞ്ച് ചെയ്യാമോ.? എന്റെ വീട് ദൂരെ ആണ്, എനിക്ക് കിട്ടിയത് അറുപത്തിയഞ്ചും. ഈ നമ്പർ ആണെങ്കിൽ ഞാൻ വീട്ടിൽ എത്താൻ വൈകും, ഞാൻ ഒറ്റക്കേ ഒള്ളു..

എനിക്ക് വിഷമം തോന്നി എന്റെ മുപ്പത്തിയെട്ടാണ് അത് ആ കുട്ടിക്ക് കിട്ടിയിട്ട് കാര്യമില്ലാ. ഞാൻ ജയകൃഷ്ണനോട് ചോദിച്ചു.

ആ കുട്ടിക്ക് നമ്പർ മാറ്റി കൊടുത്തുകൂടെ .

അയാൾ ഒന്ന് ആലോചിച്ച ശേഷം ഓക്കേ പറഞ്ഞു..എനിക്ക് എന്തോ വല്ലാത്ത സന്തോഷം അയാൾ എന്റെ ആരും അല്ലാ, ഒരു അപരിചിതൻ മാത്രം എന്നിട്ടും

അടുത്ത നിയമനിർദേശങ്ങളുമായി വീണ്ടും സംഘാടകർ എത്തി മൊത്തം 78 പേർ ഒറ്റ മുറിയിൽ എല്ലാരും കൂടി ഇരിക്കുന്നത് ബുദ്ധിമുട്ടാകും, അതിനാൽ നാല്പത് വരെ മറ്റൊരു മുറിയിലും നാല്പത്തിയൊന്ന് തൊട്ട് ഈ മുറിയിലുമായി ഇരുന്നാൽ മതിയെന്ന് അവർ പറഞ്ഞു...

'ഒടുക്കം നീയെന്നെ ഒറ്റക്ക് ഇട്ടിട്ട് പോകുകയാണല്ലേ..? നീയെങ്കിലും മിണ്ടാൻ ഉണ്ടാവുമെന്ന് ഞാൻ കരുതി... ആ നീയും..?? പൊക്കോ. '

അയാൾ ചിരിച്ചുകൊണ്ട് പറഞ്ഞു നിർത്തി.

ഞാൻ വീണ്ടും അയാളെ ഒരിക്കൽ കൂടി നോക്കി. എന്നിട്ട് അടുത്ത മുറിയെ ലക്ഷ്യമാക്കി നടന്നു...

പെട്ടന്നാണ് ഒരു പിൻവിളി......അഞ്ജലി

'നിന്റെ ചെസ്റ്റ് നമ്പർ 38 അല്ലേ..?? ബുദ്ധിമുട്ടാവില്ലെങ്കിൽ ആ നമ്പർ നമുക്ക് എക്സ്ചേഞ്ച് ചെയ്യാം.? പോയിട്ട് എനിക്കിത്തിരി അത്യാവശ്യമുണ്ട്.. പ്ലീസ്, ക്യാൻ യു ഹെല്പ് മി..??'

ഞാൻ ഒന്നും നോക്കിയില്ലാ, എന്റെ ചെസ്റ്റ് നമ്പർ ആ കുട്ടിക്ക് നൽകി.

ഞാൻ വീണ്ടും ആ പഴയ സ്ഥാനത്തു പോയി ഇരുന്നു ...

'ആഹാ നീ വീണ്ടും വന്നോ.? ശല്യം പോയി ന്നു കരുതിയതാ.. '

'ഓ ആയിക്കോട്ടെ, എനിക്ക് ചെസ്റ്റ് നമ്പർ മാറ്റി കൊടുക്കേണ്ടി വന്നു ഇപ്പോൾ 67 ആണ്.. '

'അത് പൊളിച്ചു., ഇനി ഊഴം കാത്തിരിക്കാൻ കൂട്ടിന് ഒരാൾകൂടി ആയല്ലോ..?? '

നിശബ്ദത.......

അങ്ങനെ സമയം കടന്നു പോയി..... ഞങ്ങൾ കൂടുതൽ അടുത്തു.... ഒരു ജ്യേഷ്ഠന്റെ വാത്സല്യം എനിക്ക് അയാളിൽ തോന്നി.. അതിനിടെ, ഒരു ചായക്കുള്ള കടം കൂടി ഞാൻ അയാളിൽ ബാക്കി വെച്ചു.

സംസാരിച്ചു സംസാരിച്ചു, ഞങ്ങൾക്കിടയിലെ വിഷയത്തിന് ദാരിദ്ര്യം സംഭവിച്ചിരിക്കുന്നു...... അപ്പോഴാണ് അയാൾ എന്നോട് ചോദിക്കുന്നത്

'തനിക്ക് പ്രണയമൊക്കെയുള്ള കൂട്ടത്തിലാണോ? ആ സമയത്തു പല മുഖങ്ങളും എനിക്ക് മുന്നിലൂടെ മാഞ്ഞു പോയി. പക്ഷെ, അവരെ ആരെയും എനിക്ക് ശ്രദ്ധിക്കാൻ കഴിഞ്ഞതേയില്ലാ. മനസ് നൂല് പൊട്ടിയ പട്ടം പോലെ അവിടെയിവിടെയായി പാറി പറന്നു നടക്കുകയായിരുന്നു...

ഒരാളുടെ ഉള്ളിലേക്കുള്ള വഴി അയാളുടെ കണ്ണുകൾ ആണെന്ന സത്യം അന്ന് എനിക്ക് മനസിലായി. അകാരണമായി അയാളുടെ കണ്ണുകൾ എന്നെ പിന്തുടരുന്നുണ്ടായിരുന്നു പലപ്പോഴും. പക്ഷെ, അതൊന്നും മനസിലാക്കാൻ കഴിയാത്തവളെ പോലെ ഞാൻ ഒളിച്ചു കളിച്ചു.....

അയാൾക്ക് എന്നോട് ഇനിയും ഒരുപാട് പറയാനുന്ന് എനിക്ക് തോന്നി..പെട്ടെന്ന് അയാൾ എന്നോട് ചോദിച്ചു. നമ്മൾ നല്ല തിക്ക് ഫ്രണ്ട്സ് ആയില്ലേ..?? ആയി.. എന്താ ഇപ്പോ അങ്ങനെ ചോദിക്കാൻ..??

'ഇനി എങ്കിലും നിന്റെ ആ ഡയറി എനിക്ക് വായിക്കാൻ തരുവോ..?? നിർബന്ധിക്കില്ലാ.. എന്നോട് ഇഷ്ടം ഉണ്ടേൽ..?? വിശ്വാസം ഉണ്ടെങ്കിൽ തന്നാ

മതി.  അല്ലാ, നീ എനിക്ക് അത് തരും. ഇല്ലെടി..?

ആലോചിക്കാൻ പോലും നിന്നില്ലാ, ഒരിക്കലും കണ്ടുമുട്ടാൻ സാധ്യതയില്ലാത്ത അയാളുടെ കൈയിലേക്ക് അതു കൊടുത്തു.

കൊടുത്തു കഴിഞ്ഞാണ് ആലോചിച്ചത്.... എന്തിനാ കൊടുത്തേ എന്ന്..അതിലെ ഓരോ വാക്കും അയാളോട് എന്തൊക്കയോ എന്നെ കുറിച്ചു സംസാരിച്ചിട്ടുണ്ടെന്ന് തോന്നുന്നു.



വായിച്ചു വായിച്ചു ഒടുക്കം അയാൾ എന്നോട് ചോദിച്ചു

'എന്റെ കണ്ണുകളിലേക്ക് നോക്കടി'

'എന്തിനാ '

'കൂടുതൽ ചോദ്യം പറച്ചിലും ഒന്നും വേണ്ട നോക്കാൻ.'

'ഇത്രവെറുപ്പോടെ എഴുതാൻ ഞങ്ങൾ ആണുങ്ങൾ എന്ത് തെറ്റാ നിന്നോട് ചെയ്തേ..?? '

' അ ത് . . . വെ റു തെ . . എന്തൊക്കയോ എഴുതിയതാ '

'വെറുതെയല്ലാ ഇതൊന്നും.....

അത്  പറയാതെ നീ ഇവിടുന്ന് പോകില്ലാ....'

'പെണ്ണിന്റ ശരീരത്തെ മാത്രം സ്നേഹിക്കുന്ന ആണിനെ കുറിച്ച് ഞാൻ പിന്നെ എന്ത് എഴുതണം ?

'ആരാടി അത് '

'എന്ത്.... ഏത്???????

എനിക്ക് ശ്വാസം മുട്ടുന്നു ഒന്ന് നിർത്തുവോ..?? ഞാൻ അനുഭവിച്ചത് തന്നെയാ.. എഴുതി കുത്തി വെച്ചിരിക്കുന്നത്.... ഒന്നും ഞാൻ മറന്നട്ടില്ലാ, മറക്കുകയും ഇല്ല....

കാമം മൂത്ത് അയാളുടെ എരിയുന്ന സിഗരറ്റ്കുറ്റികൾ കൊണ്ട് എന്റെ കഴുത്തിൽ വരച്ചിട്ട ആ അടയാളം ഇന്നും മായാതെ കിടപ്പുണ്ട്...'

'മതി............ ഇനി മിണ്ടരുത്...... '

അയാൾക്ക് ഉറക്കെ അലറണം എന്ന് ഉണ്ടായിരുന്ന പോലെ എനിക്ക് അനുഭവപെട്ടു. .......

'എന്നിട്ട് നീ എന്ത് ചെയ്തു '

'ഞാൻ പെണ്ണ് അല്ലെ..?? എന്ത് ചെയ്യാൻ...?? '

'നീ ഒന്നും ചെയ്തില്ലേ..? നിർത്തിക്കോ നീ വെറും പെണ്ണ് ആണ് പോലും. ആ വാചകം കേൾക്കുന്നത് പോലും എനിക്ക് വെറുപ്പാ...'

അയാൾ അവിടെ ഇരുന്നു ഉരുകും  പോലെ എനിക്ക് തോന്നി

'നിങ്ങൾ എന്തിനാ ഇത്ര ഇമോഷണൽ ആകുന്നെ.? ഞാൻ തികച്ചും ഒരു അപരിചിത മാത്രം.... '

'ആണോ...?? എനിക്ക് തോന്നുന്നില്ലാ... നീ, എനിക്ക് ആരൊക്കയോ ആണ്.....

എനിക്ക് ഒന്ന് മൂളാൻ മാത്രമേ കഴിഞ്ഞോള്ളൂ

'നിനക്ക് അയാളെ കൊല്ലാൻ മേലായിരുന്നോ??? നീ ഇരുന്നു കരഞ്ഞു കാണും അല്ലേടി..? '

'മ്മ്മ്... ഞാൻ പ്രാർത്ഥിക്കുന്ന ഈശ്വരൻമാർഉള്ളത്കൊണ്ടാവാം, എനിക്ക് ഒന്നും നഷ്ട്ടപ്പെട്ടില്ലാ... മനസ്സിൽ  ഒരിക്കലും മായാത്ത മുറിവുകൾ ഉണ്ടായി എന്ന് മാത്രം '

'നിർത്തിക്കോ പെണ്ണിനെ ശരീരത്തെക്കാൾ വലുത് അവളുടെ മനസ്സാടി അത് ഒരിക്കലും ഈ സമൂഹം മനസിലാക്കില്ലാ..... അതിനാൽ ആരെ എന്ത് ചെയ്താലും പ്രതികരിക്കണം വരികളിലൂടെ മാത്രം അല്ലാ നിന്റെ പ്രവർത്തിയിലും ആ പ്രതികരണം ഉണ്ടാവാണം അല്ലങ്കിൽ അവന്റെ സ്ഥാനത്തു ഇതിലും ക്രൂരമായി മറ്റൊരാൾ... '

'ഞാൻ നിനക്ക് ഒരു വാക്ക് തരാം... ഇന്ന് മുതൽ നിനക്ക് എന്ത് സംഭവിച്ചാലും, എന്ത് പ്രശ്നം ഉണ്ടായാലും നിനക്ക് എന്നെ വിളിക്കാം. ഏതു പാതിരാത്രിയിലും.

എനിക്ക് എന്തോ ഉള്ളിൽ വല്ലാത്തൊരു സന്തോഷം.. ആരും വായിക്കാത്ത, വായിക്കാൻ ഒരിക്കലും ശ്രമിക്കാത്ത, വായിച്ചിട്ടും മനസിലാവാത്ത എന്റെ ഈ മനസ്സ് എത്ര പെട്ടന്നാ അയാൾ വായിച്ചത്..?? ഇയാളെ എന്താ കണ്ടുമുട്ടാൻ ഇത്ര  വൈകിയെ...?? ഞാൻ ഇങ്ങനെ ഓക്കെ ചിന്തിച്ചിരുന്നപ്പോഴേക്കും അയാൾ എന്നോട് ചോദിച്ചു.

'നിനക്ക് ഇത്തിരി നേരത്തെ വന്ന് കൂടായിരുന്നോ.?? '

എനിക്ക് ഒന്നും തിരിച്ചു പറയാൻ കഴിഞ്ഞില്ലാ... എന്റെ തൊണ്ട വരണ്ടു... അപ്പോഴേക്കും അയാൾ എന്റെ കണ്ണുകളിലേക്ക് നോക്കി..

എനിക്ക് അവിടെ ഇരുന്നിട്ട് ശ്വാസം മുട്ടും പോലെ ഓക്കെ തോന്നി.... അത് മനസിലാക്കിയിട്ടെന്നപോലെ അയാൾ എന്നോട് പറഞ്ഞു ' നമുക്ക് വരാന്തയിൽ പോയി നിൽക്കാം....'

ഞാൻ സമ്മതിച്ചു.. ഞങ്ങൾ ഒരുമിച്ചു വരാന്തയിൽ പോയി നിന്നു....

അലത്താളത്തിന്റെ ഓളങ്ങൾ ഞങ്ങൾക്ക് ചുറ്റും മുഴങ്ങികൊണ്ടിരുന്നു...... ഞാൻ അയാളുടെ കണ്ണുകളിലേക്ക് നോക്കി അവിടങ്ങനെ ലയിച്ചു നിന്നു.. ഓരോ നോട്ടവും അയാളെ എന്നിലേക്ക് അടിപ്പിച്ചു

ഞാൻ പ്രണയിക്കുകയാണോ.? അതോ, പ്രണയിക്കപെടുകയാണോ...?

സമയം 12 മണി കഴിഞ്ഞിരുന്നു ... ഞങ്ങൾ നിലാവിനെ നോക്കി ജനലിനു ചാരെ അങ്ങനെ നനുത്തകാറ്റ് ആസ്വദിച്ചുകൊണ്ട് നിന്നു ... ഇരുട്ട് പുരണ്ട ആ അരണ്ട വെളിച്ചത്തിൽ അയാളുടെ ചിരി ഏതോ ജന്മാന്ദ്രങ്ങൾക്കപ്പുറം കണ്ടു മറന്നപോലെ തോന്നി... കഴിഞ്ഞ ജന്മത്തിലാകുമോ.? അറിയില്ല...

ഇതിനിടയിൽ ഞങ്ങൾ വന്നത് മത്സരിക്കാൻ ആണെന്ന് പോലും മറന്നു....

അപ്രതീക്ഷിതമായി ചെസ്റ്റ് നമ്പർ 65 വിളിച്ചു.

ഇത് കേട്ടതും അയാൾ നടന്നകന്നു. പിന്നിൽ നിന്നും ഞാൻ വിളിച്ചു പറഞ്ഞു.

'നന്നായി ചെയ്തിട്ട് വരണം...'

അതിനുള്ള മറുപടി ഇതായിരുന്നു.

'ഞാൻ നിനക്ക് വേണ്ടി കാത്തിരിക്കും.'

എന്നിട്ടയാൾ ആ മുറിവിട്ടിറങ്ങിപ്പോയി.

അപ്പോഴാണ് ഞാൻ എന്റെ പ്രിയപ്പെട്ട സൗഹൃദങ്ങളെ കുറിച്ചോർത്തത്.. അവരോട് ഞാൻ എന്തുപറയും. ? ഇതാരാണെന്ന് പറയും?

ഇല്ല, എനിക്ക് വേണ്ടി എന്തും ചെയ്യാൻ തയ്യാറുള്ളവർ ഇതും മനസ്സിലാക്കും... അവരാൽ വായിക്കപ്പെടാത്ത പുസ്തകം ഒന്നുമല്ലല്ലോ ഞാൻ..??

ഇതൊക്കെ ഓർത്ത് ഇരിക്കുമ്പോൾ എന്റെ ഊഴവും എത്തി..

പ്രസംഗിക്കാൻ എനിക്ക് കിട്ടിയ വിഷയം, ഞാൻ മൂന്നാലിടത്ത് പ്രസംഗിച്ചതായിരുന്നു. പക്ഷേ, ആ വിഷയത്തെക്കുറിച്ച് ഒരു വരിപോലും എൻറെ മനസ്സിൽ ഓർമ്മ വന്നില്ല. എങ്ങനെയൊക്കെയോ രണ്ടുമിനിറ്റ് പ്രസംഗിച്ച് ഒപ്പിച്ചു. എന്തിരുന്നാലും എനിക്ക് ഒട്ടും കുറ്റബോധം തോന്നിയതുമില്ല.. എനിക്കയാളെ എങ്ങനെയെങ്കിലും ഒന്ന് കണ്ടാൽ മതിയെന്നായിരുന്നു... ഇറങ്ങിയ പാടെ ഞാൻ തിരഞ്ഞത് എന്റെ സൗഹൃദങ്ങളെ അല്ലാ, മറിച്ച് അയാളുടെ മുഖമായിരുന്നു.

അപ്പോഴേക്കും... പഴയ പള്ളിയുടെ ഇടതുവശത്തുള്ള വാകമരച്ചുവട്ടിൽ അയാൾ എന്നെ കാത്തു നില്പുണ്ടായിരുന്നു.... ഞങ്ങൾ അവിടെ ഒരുമിച്ചിരുന്നു... നിശബ്ദത ഇരുട്ടിനെ കാർന്നു തിന്നുകയായിരുന്നു.... ഞാൻ ഏതോ മായിക ലോകത്തും ഞങ്ങൾ പരസ്പരം ഒന്നും സംസാരിച്ചതേയില്ലാ.. പക്ഷേ ഞങ്ങളുടെ കണ്ണുകൾ പലതും സംസാരിക്കുന്നുണ്ടായിരുന്നു...

പെട്ടെന്നാണ് ഫോണിൽ ഒരു മെസ്സേജ്...

ഞാൻ ഞെട്ടിയുണർന്നു അയാളെ പിന്നിലേക്ക് തള്ളിമാറ്റിക്കൊണ്ട്... ഇനിയൊരു നിമിഷം കൂടി അവിടെ നിന്നാൽ ശരിയാവില്ല എന്ന് എനിക്ക് തോന്നി. ഒരുപക്ഷെ എനിക്ക് അയാളെ പിരിയാൻ കഴിയാതാവും.

'പോകാം'

ഞാൻ പറഞ്ഞു.....

'ശരി പോകാം.... അവസാനമായി, നിനക്ക് എന്തെങ്കിലും പറയാനുണ്ടോ?? '

'ഞാൻ മതി എന്ന് പറയും വരെ നിങ്ങൾ എന്നെ തേടി വരണം'

എന്ന് പറഞ്ഞു ഞാൻ എണീറ്റ് നടന്നു..... ഞാൻ സി എം എസിലേക്കും.... അയാൾ സിഎംഎസ്ന്റെ പുറത്തേക്കും.... തിരിഞ്ഞു പോലും നോക്കാതെ, മനസ്സിനെ കല്ലാക്കിയാണ് ഞാൻ നടന്നകന്നത്...

ഞാൻ തിരിഞ്ഞു നോക്കിയിരുന്നെങ്കിൽ ഒരുപക്ഷേ അയാളിൽ നിന്നൊരു മോചനം എനിക്കുണ്ടാകുമായിരുന്നില്ല....

അയാൾ, അപ്പോഴും ആ ഗേറ്റിൽ നിന്ന് എന്നെ തന്നെ നോക്കുന്നുണ്ടായിരുന്നു.......

ശുഭം



**അനീറ്റ ജോസ്**
B.A. Politics 2017-20

# ശുഭ്ര വസ്ത്രം

മരവിച്ചീടുമീ കാലത്തിൻ പേക്കൂത്തിൽ
ഭൂമിയോളം ക്ഷമിച്ചീടുമീ സ്ത്രീതൻ മാതൃത്വം
അധ:പതിച്ചുവോ? കലിതുള്ളുമീ കാലത്തിൻ
സാന്ത്വനമായി മാറിടേ സ്ത്രീതൻ ഭാവങ്ങൾ
പേയാടും പിശാചുമായി മാറുമീ ലോകത്തിൽ
എന്റെ ഈ വിഹ്വലതകൾ ചൂഴ്ന്നെടുക്കുമീ നശിച്ച കാലം

നരവംശത്തിന് പാൽകോരികൊടുക്കുമീ
കൈകളിൽ പുരളുന്നതോ പാഷാണം
ആര് വിശ്വസിക്കുമീ കാലം
ആര് നേര് കാണുമീകാലം

അമ്മതൻ സ്നേഹത്തിനായ് കരയുന്ന ബാല്യത്തെ
പിടയുന്ന മാംസപിണ്ഡമായ് കാണുവാൻ ആഗ്രഹിക്കുന്നിതാ
പഴയകാലത്തെ ചൊല്ലുകളെ ആട്ടിപായിച്ച്
ആധുനികതയുടെ ഒട്ടകപുറത്തേറുമീസ്ത്രീത്വങ്ങൾ
ആര് കാണുമീ പിടയുന്ന മനസ്സിന്റെ ദൈന്യത
ആര് അറിയുമീ കണ്ണുകളിലെ ദൈന്യത
ഈ പിശാച് ബാധിച്ച ലോകത്തെനിക്ക്
ജൻമമേകിടാതെ ഭ്രൂണഹത്യ നടത്തിയിരുന്നെങ്കിൽ
വൃഥായെന്നാശിച്ചു പോയി ഞാൻ



**പ്രൊഫ. എ. ജി രേഖ**
HOD Malayalam Dept.

*With best Compliments*

**CHECKS 'n' LINES**
GENTS OUTLET

Kacherikavala, Vaikom
**Ph: 9746413535**

**GOLDEN RATIO**
**SHIRTS**

# ദേശീയ വിദ്യാഭ്യാസ നയം -2019 കാണാപ്പൊരുളുകൾ

ദേശീയതലത്തിൽ ഏററവും കൂടുതൽ ചർച്ച ചെയ്യപ്പെടേണ്ട ഒരു വിഷയമാണ് ദേശീയവിദ്യാഭ്യാസ നയം. ഒരു രാജ്യത്തിന്റെ ഭാവി നിർണ്ണയിക്കുന്നതിൽ ഈ നയത്തിന് വലിയ പങ്കുണ്ട് എന്നതോടൊപ്പം തന്നെ ഈ നയത്തിലുണ്ടാവുന്ന പാളിച്ചകളുടെ പ്രത്യാഘാതങ്ങളും വലിയ സങ്കീർണ്ണതയുള്ളതാണ്. 1986-ലെ ന്യൂ എഡ്യൂക്കേഷൻ പോളിസിക്കുശേഷം 33 വർഷത്തിനു ശേഷമാണ് ഒരു വിദ്യാഭ്യാസ നയം രാജ്യത്ത് ഉണ്ടാവുന്നത് എന്നതും ശ്രദ്ധേയമാണ്. ഈ കഴിഞ്ഞ 33 വർഷത്തെ നയരൂപീകരണത്തിലും അതിന്റെ നടപ്പാക്കലിലും വന്നിട്ടുള്ള നേട്ടങ്ങളും കോട്ടങ്ങളും ശരിയായ രീതിയിൽ വിലയിരുത്തുക എന്ന ധർമ്മം കൂടി 2019-ലെ വിദ്യാഭ്യാസനയത്തിന് എന്നതും നാം വിസ്മരിച്ചുകൂടാ.

1986-ലെ വിദ്യാഭ്യാസ നയത്തിൽ തുടങ്ങി 1991-ലെ നവ ലിബറൽ സാമ്പത്തിക നയങ്ങളുടെ വരവോടുകൂടി വിദ്യാഭ്യാസത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുമാറിയിരുന്നു. സാമുഹിക മാറ്റത്തിനുള്ള ഏറ്റവും ശ്രേഷ്ഠമായ ഉപാധിയായി വിദ്യാഭ്യാസത്തെ സ്വാതന്ത്ര്യാനന്തര കാലത്ത് കണ്ടിരുന്നു. എന്നാൽ ഉദാരവൽക്കരണത്തിന്റെ വരവോടുകൂടി വിദ്യാഭ്യാസം ഒരു 'വിൽപ്പനച്ചരക്കായി' മാറി. വിലകൊടുത്ത് വാങ്ങേണ്ട ഒരു സാധനമായി അത് മാറി. ഒരു കമ്പോള ഉല്പന്നം എന്നാൽ അത് വിലകൊടുക്കുവാൻ പ്രാപ്തിയുള്ളവനു മാത്രമായി ചുരുങ്ങും എന്നാണ് അതിന്റെ അർത്ഥം.

ഒരു സ്റ്റേറ്റ് എന്നാൽ ആധുനിക കാലഘട്ടത്തിൽ വെൽഫെയർ സ്റ്റേറ്റ് ആണെന്നാണ് അനുമാനം. എന്നു വെച്ചാൽ ആരോഗ്യം, വിദ്യാഭ്യാസം, ശുചിത്വം, കുടിവെള്ളം മുതലായവ സർക്കാർ പൊതുജനങ്ങൾക്ക് ലഭ്യമാക്കും എന്നാണ്. ഇവയെല്ലാം പൊതു മേഖലയിൽ അല്ലെങ്കിൽ ഗവൺമെന്റ് മുതൽ മുടക്കിൽ ലഭ്യമാകും എന്നാണ്. അതായത് ഏവർക്കും 'ലഭ്യത' (Access) ഉറപ്പാക്കും. Access to Education എന്നാൽ വിദ്യാഭ്യാസം സ്റ്റേറ്റിന്റെ ഉത്തരവാദിത്വം ആവുകയും സാർവ്വത്രിക വിദ്യാഭ്യാസം എന്നത് ഓരോ പൗരന്റെയും മൗലിക അവകാശം ആണെന്നുമാണ്. വിദ്യാഭ്യാസം കച്ചവടചരക്കാക്കുന്നതോടുകൂടി അതിന്റെ വിപണിയും വിപണനവും ലാഭവും ചർച്ചാവിഷയമാകുന്നു. ലാഭനഷ്ടകണക്കുകൾ അജണ്ടയാവുന്നു. സ്റ്റേറ്റ്ത്വരിതഗതിയിൽ ഈ മേഖലയിൽ നിന്ന് പിൻമാറുകയും സ്വകാര്യ വിദേശ കോർപ്പറേറ്റുകൾ കടന്നുവരികയും ചെയ്യുന്നു. വിദ്യാഭ്യാസം ചെലവേറിയ ഉല്പന്നം ആവുകയും പാർശ്വവൽകരിക്കപ്പെട്ട ജനവിഭാഗത്തിന് അത് അപ്രാപ്യമാവുകയും ചെയ്യും.

ദേശീയ വിദ്യാഭ്യാസ നയം അഭിസംബോ ധന ചെയ്യേണ്ട മൂന്നു വിഷയങ്ങൾ

1. Access (ലഭ്യത)
2. Equity (തുല്യത)
3. Quality (ഗുണമേൻമ) എന്നിവയാണ്

നേരത്തെ സൂചിപ്പിക്കപ്പെട്ടതിൽ നിന്നും 'ലഭ്യത' താഴേത്തട്ടിലുള്ളവർക്ക് ഇല്ലാതാവുന്ന പ്രവണത ചൂണ്ടിക്കാണിക്കപ്പെടും. ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി 40 % കുട്ടികൾ (മുപ്പതു കുട്ടികളിൽ താഴെയുള്ളവ) അപ്രത്യക്ഷമാകും എന്നതാണ്. ഇതിന്റെ അർത്ഥം ഇന്ത്യയുടെ വിദൂര ഗ്രാമങ്ങളിലും മൂല പ്രദേശങ്ങളിലും ആദിവാസി മേഖലകളിലും സ്കൂൾരഹിത ഗ്രാമങ്ങൾ ഉണ്ടാവും എന്നതാണ്.

രണ്ടാമതു ചർച്ച ചെയ്യപ്പെടേണ്ട ഒന്നാണ് തുല്യത. സാമൂഹികമായ അരികുവൽക്കരണം ശക്തിപ്പെടുകയും ഉന്നത വിദ്യാഭ്യാസ മേഖല ജാതി ഭീകരതയുടെ കേന്ദ്രങ്ങളായി മാറ്റുകയും ചെയ്യുന്ന പ്രവണത ഇന്നു വളരെ ഏറി വരുന്നു. രോഹിത് വെമുലയും ആത്മഹത്യ ചെയ്ത അനിത എന്ന പെൺകുട്ടിയും അതിന്റെ ഉദാഹരണങ്ങളാണ്. ചരിത്ര പരമായി സാമൂഹിക, സാമ്പത്തിക അടിമത്വത്തിൽ ജീവിച്ചിരുന്ന ഒരു ജനവിഭാഗം തുല്ല്യാവസരത്തിന്റെ പേരിൽ മത്സരിക്കണമെന്നും മത്സരശേഷി പ്രാപിക്കണമെന്നും പറയുന്നതിൽ എന്താണ് യുക്തി? പൗരൻമാരുടെ വിദ്യാഭ്യാസം അടക്കമുള്ള അവകാശങ്ങൾ ഉറപ്പാക്കാൻ ഭരണഘടന നിർദ്ദേശിച്ചിട്ടുള്ള ഒന്നാണ് സംവരണം. ദേശീയാടിസ്ഥാനത്തിൽ 12-ാം ക്ലാസ് പൂർത്തിയാക്കുന്ന **SC / ST, OBC, Muslim** വിദ്യാർത്ഥികൾ 10 % താഴെയാണ്. കേരളം പോലുള്ള സംസ്ഥാനങ്ങളിൽ ഉന്നത വിദ്യാഭ്യാസ രംഗത്ത് 20% സംവരണം ഏർപ്പെടുത്തിയതിന്റെ ഫലമായി ഈ ഗണത്തിൽപ്പെടുന്ന എത്രയോ വിദ്യാർത്ഥികൾക്കാണ് ഉന്നതവിദ്യാഭ്യാസവും തുടർന്ന് സ്ഥിരമായ ജോലിയും ഉറപ്പാക്കാനും സാമൂഹിക സാമ്പത്തിക അവസ്ഥ മാറ്റാനും കഴിഞ്ഞിട്ടുണ്ട്. അസമത്വം നിലനിൽക്കുന്നിടത്തോളം കാലം പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണന നൽകണം എന്നുതന്നെയാണ്. സംവരണം എന്ന പദം ഈ നയത്തിൽ എവിടെയും കാണാനില്ല എന്നുള്ളത് വിചിത്രമാണ്. പോഷകാഹാരം കിട്ടാതെ ദശലക്ഷക്കണക്കിന് കുട്ടികൾ മരിക്കുന്ന നമ്മുടെ രാജ്യത്ത് പ്രത്യേക പരിഗണന എന്നത് കോർപ്പറേറ്റുകളുടെ ഔദാര്യമായി കൊടുക്കേണ്ട ഒന്നല്ല. മറിച്ച്, തുല്ല്യത എന്നത് സർക്കാരിന്റെ ഉത്തരവാദിത്വമാണ്.

ഒരു വിജ്ഞാന സമൂഹ (Knowledge Society) ത്തിന് ഗുണമേൻമയുള്ള വിദ്യാഭ്യാസം അനിവാര്യ മാണ്. ഗുണ നിലവാരം ഉറപ്പിക്കാൻ എന്താണ് ചെ യ്യേണ്ടത്. നല്ല ആലങ്കാരിക ഭാഷയിൽ മൂല്ല്യങ്ങളെ ക്കുറിച്ച് പറയുന്നുണ്ടെങ്കിലും അതിന്റെ കാതലായ പ്രശ്നങ്ങളിലേയ്ക്ക് കടക്കുവാൻ ശ്രമിച്ചിട്ടില്ല എന്നു മാത്രമല്ല, വിദ്യാഭ്യാസ നയം രൂപീകരിക്കാൻ പ്രാപ്തർ ആരാണ് എന്നുള്ള ചോദ്യവും ഇവിടെ ഉയർന്നുവരുന്നു. സാമൂഹിക ജനാധിപത്യ രാജ്യ പുനഃസൃഷ്ടിക്ക് ഉതകുന്ന വിദ്യാഭ്യാസ നയം രൂപീക രിക്കുന്നതിന് പ്രാധാന്യം കുറയുകയും, ജനാധിപ ത്യ മതനിരപേക്ഷ മൂല്ല്യങ്ങൾ ഉപേക്ഷിയ്ക്കുകയും പകരം വിപണി സാദ്ധ്യതകൾ, തൊഴിൽ സാധ്യ തകൾ, ലാഭേച്ഛ എന്നിവയിലൂന്നിയ കോർപ്പറേ റ്റ് അജണ്ടയിലേയ്ക്കും മാറുന്നതിന്റെ വലിയൊരു പ്രവണത ദേശീയ വിദ്യാഭ്യാസ നയത്തിൽ വളരെ പ്രകടമാണ്.

സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ വിദ്യാ ഭ്യാസ പരിഷ്കാരം സംബന്ധിച്ച് ശുപാർശകൾ സമർപ്പിക്കുന്ന കമ്മീഷനുകളെ നയിച്ചത് ഡോ. എസ്. രാധാകൃഷ്ണൻ, ലക്ഷ്മണ സ്വാമി മുതലി യാർ മുതലായ വിദ്യാഭ്യാസ വീക്ഷണൻമാർ ആയി രുന്നെങ്കിൽ പിന്നീടത് ബ്യൂറോക്രാറ്റുകളും, വ്യവ സായ പ്രമുഖരും, ടെക്നോ ക്രാറ്റുകളും ആയിമാറി. മുകേഷ് അംബാനിയും, കുമാരമംഗലം ബിർലയും, ടി. എസ്. ആർ. സുബ്രഹ്മണ്യനും, ഡോ. കസ്തൂരി രംഗനും ആയിരുന്നു പുതിയ വിദ്യാഭ്യാസനയ രൂ പീകരണ മേലാളൻമാർ.

ശാസ്ത്രചിന്തയിലും, യുക്തിചിന്തയിലും അ ടിസ്ഥാനമായ ശാസ്ത്ര മാനവിക പുരോഗതിയ്ക്ക് ഊന്നൽ നൽകുന്ന വിദ്യാഭ്യാസ നയമാണ് രൂപീകരി ക്കേണ്ടത്. എന്നാൽ ശാസ്ത്ര ബോധം സൃഷ്ടിക്കാൻ ഉതകുന്ന ഒരു കാഴ്ചപ്പാട് സ്വീകരിച്ചതായി കാണു ന്നില്ല 'ഭാരതീയ' എന്ന ചമൽക്കാരത്തിൽ ഹിന്ദുത്വ അജണ്ട നടപ്പാക്കാനുള്ള ശ്രമം ഉണ്ടെന്നു മാത്രമല്ല, ശാസ്ത്ര വിരുദ്ധതയും, വിജ്ഞാന വിരുദ്ധതയും, അന്ധവിശ്വാസത്തിന്റെ വ്യാപനവും പല രീതിയിൽ ഒളിഞ്ഞിരിക്കുന്നു. പ്ലാസ്റ്റിക് സർജറിയും, പുഷ്പ കവിമാനവും ഏതാനും തമാശകളായി കാണാൻ സാധിക്കില്ല. National Research Foundation (NRF) ഗു ണമേൻമയുള്ള ഗവേഷണ മേഖല എന്ന നിലയിൽ പ്രോത്സാഹിപ്പിക്കുന്നത് ചാണകത്തിന്റെയും ഗോ മൂത്രത്തിന്റെയും ശാസ്ത്രീയ മൂല്ല്യം കണ്ടെത്തുക എന്നതാണ്. കൊറോണയെ പ്രതിരോധിക്കാൻ ചാ ണക വെള്ളവും ഗോമൂത്രവും മതിയാവും എന്ന് ലോക്സഭയിൽ ചില എം.പി മാർ വിളിച്ചു പറയുന്ന ത് ഇവിടെ പരാമർശിച്ചു എന്നു മാത്രം.

പഠനത്തിന്റെയും ഗവേഷണത്തിന്റെയും അജ ണ്ട കേന്ദ്രീകൃതമായി, ഏകാതന രീതിയിൽ ആവി ഷ്കരിക്കുന്നത് യഥാർത്ഥത്തിലുള്ള ഇന്ത്യൻ ദേശീയതയെ വിസ്മരിക്കുന്നതാണ്. പൗരാണി കതയും, ഗുരുകുല സമ്പ്രദായവും, സംസ്കൃത ഭാഷയുടെ പ്രോത്സാഹനവും യോഗഅഭ്യാസവും ഹിന്ദുത്വ അജണ്ടയുടെ ഭാഗമാണ്.

ഇന്ത്യൻ സാംസ്കാരികതയുടെ അടിസ്ഥാന പ്രമാണമായ 'ബഹുസ്വരത' അംഗീകരിക്കാൻ ദേശീയ വിദ്യാഭ്യാസ നയം 2019 തയ്യാറാകുന്നില്ല. യൂണിവേഴ്സിറ്റികളുടെസ്വയംഭരണാവകാശം എടുത്തു കളയുന്നതും കേന്ദ്രീയസർക്കാർ സംവി ധാനത്തിലൂടെ ഫെഡറലിസം തകർക്കുകയും ചെ യ്യും എന്നുള്ള വലിയ ആശങ്ക സംസ്ഥാനങ്ങളിൽ നിന്നും സർവ്വകലാശാലകളിൽ നിന്നും, അദ്ധ്യാ പക - വിദ്യാർത്ഥി സമൂഹത്തിൽ നിന്നും ഉയർന്നു വന്നിട്ടുണ്ട്.

വിദ്യാഭ്യാസത്തിന്റെ ഗുണമേൻമ വർദ്ധിപ്പി ക്കുന്നതിന് അദ്ധ്യാപകരുടെ എണ്ണം വർദ്ധിപ്പിക്കു ന്നതിനെക്കുറിച്ചോ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനെക്കുറിച്ചോ, ഗൗരവമേറിയ ചർച്ച ഉണ്ടായിട്ടില്ല. ദേശീയ വരുമാനത്തിന്റെ 6% വിദ്യാഭ്യാസത്തിനുവേണ്ടി മാറ്റിവെയ്ക്കണമെന്ന ത് കോത്താരികമ്മീഷന്റെ പ്രധാന ശുപാർശയാ യിരുന്നു. എന്നാൽ Public Philanthropic Partnership (PPP) എന്ന ആശയം മുന്നോട്ടു വയ്ക്കുന്നത് സർ ക്കാരിന്റെ ഉത്തരവാദിത്വം കോർപ്പറേറ്റുകളുടെ കൂ ടെ കൂട്ടുത്തരവാദമായിരുന്നു.

നൈപുണ്യവികസനം, തൊഴിൽശേഷി വി കസനം, MOOC, SWAYAM എന്നൊക്കെ കാതിനു കുളിർമയേകുന്ന ആശയങ്ങളും പദങ്ങളും നിറച്ചി ട്ടുണ്ടെങ്കിലും, ജനാധിപത്യവും, സമത്വവും, തുല്ല്യ തയും, മതനിരപേക്ഷതയും, ബഹുസ്വരതയും, ഫെഡറലിസ്റ്റ് ആശയവും ചോർന്നുപോയിരിക്കു ന്നു എന്ന് നാം മനസ്സിലാക്കേണ്ടതായിട്ടുണ്ട്.

മതാധിഷ്ഠിത ഗ്രൂപ്പുകൾക്ക് വിദ്യാഭ്യാസം നടത്താനുള്ള അനുമതി വിദേശ കോർപ്പറേറ്റുകൾ ക്ക് അനുമതി എന്നിവ ആപത്കരമാണ്. Multi-disiplinary സമീപനവും ലിബറൽ വിദ്യാഭ്യാസവും ആകർഷകമായിത്തോന്നാം. അടിസ്ഥാന ശാസ് ത്ര ഗവേഷണവും സ്പെഷ്യലൈസേഷനും പൂർ ണ്ണമായി നിരാകരിക്കാൻ സാധിക്കില്ല. ലിബറൽ വിദ്യാഭ്യാസം കൊണ്ട് അർത്ഥമാക്കുന്നത് മാന വിക കലാ വിഷയങ്ങളും, ശാസ്ത്ര, സാങ്കേതിക വിഷയങ്ങളും സമന്വയിപ്പിക്കുന്നതിനെയാണ്. എന്നാൽ ഏതെല്ലാം കലാ രൂപങ്ങൾ പ്രോത്സാഹി പ്പിക്കപ്പെടും എന്ന് ഊഹിക്കാവുന്നതേയുള്ളു.

'ഭാരതീയതയിൽ ഊന്നിയ വിദ്യാഭ്യാസം' എന്നതിൽ ശാസ്ത്രീയവും, മതനിരപേക്ഷവും, ജ നാധിപത്യപരവുമായ അംശങ്ങൾ നശിപ്പിക്കുന്ന

താണ് എന്ന് നയത്തിൽ നിന്നും വ്യക്തമാണ്. സ്കൂൾ ഡ്രോപ്പൗട്ടിന്റെ എണ്ണം 6.2 കോടി (6–18 Yrs) യാണ് 2015–ൽ എന്നു സൂചിപ്പിക്കുമ്പോൾ തന്നെ സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന ഈ കുടുംബങ്ങളിലെ കുട്ടികളെ സ്കൂളിൽ ഇരുത്തുന്നതിനുള്ള ക്രിയാത്മക നിർദ്ദേശങ്ങൾ കൂടി പരാമർശിക്കേണ്ടതുണ്ട്.

തക്ഷശിലയും നളന്ദയും മാതൃകകളായി പരാമർശിക്കപ്പെടുമ്പോൾ തന്നെ ആധുനിക കാലഘട്ടത്തിൽ ശാസ്ത്രീയ രംഗത്ത് നേടിയിട്ടുള്ള നേട്ടങ്ങൾ വേണ്ട രീതിയിൽ പരിഗണിക്കപ്പെടുന്നില്ല. 21–ാം നൂറ്റാണ്ടിന് ആവശ്യമായ വിജ്ഞാനം അന്വേഷിക്കുന്ന വിദ്യാഭ്യാസം കെട്ടിപ്പെടുക്കേണ്ടതിന്റെ ആവശ്യകത വേണ്ട രീതിയിൽ കൈകാര്യം ചെയ്യപ്പെട്ടില്ല.

വിദ്യാഭ്യാസം ആലികമായ മുതൽമുടക്കാണെന്നും സ്വകാര്യമേഖല ഏറ്റെടുക്കേണ്ടതാണെന്നുള്ള കാഴ്ചപ്പാടിലാണ് പുത്തൻ വിദ്യാഭ്യാസ നയം. സ്വകാര്യ മേഖലയ്ക്ക് കടിഞ്ഞാണുകളില്ലാതെ യഥേഷ്ടം ഫീസ് വാങ്ങാനുള്ള അനുവാദം ആപത്കരമാണ്.

ഉന്നത വിദ്യാഭ്യാസ മേഖലയിൽ എയിഡഡ് സ്ഥാപനങ്ങൾ ഓട്ടോണമസ് ആയി മാറിയില്ലെങ്കിൽ 2030 ഓടുകൂടി ഇവ ഇല്ലാതാകും. വിദ്യാഭ്യാസ സ്ഥാപനത്തിന് 'സ്വയം' MOOC Open & Distance Mode of Learning നടപ്പാകും എന്നാണ്. അദ്ധ്യാപകനെ ഒഴിവാക്കിക്കൊണ്ടുള്ള പഠനരീതി എത്രമാത്രം പുരോഗമനപരമാണ്. തൊഴിൽ മാത്രം ഊന്നിയ വിദ്യാഭ്യാസ നയം മനുഷ്യനെ ഒരു നല്ല പരിശീലനം ലഭിച്ച നായയെ സൃഷ്ടിക്കുന്നതിനു തുല്ല്യമാണ്. ഒരു സമ്പൂർണ്ണ മനുഷ്യനെ സൃഷ്ടിക്കാൻ ഉതകില്ല എന്ന് Albert Einstein പ്രതി പാദിച്ചത് എത്രയോ ശരിയാണ്.



**ഡോ. ടോമി ജോസഫ്**
HOD, Economics Dept.



# Wonders of the Oceans

The oceans, covering nearly three fourths of the earth's surface is the abode of many wondrous, colourful, downright queer and ghoulish creatures. The spectrum of marine life ranges between tiny floating creatures called plankton, which are at the mercy of tides and waves, to the gigantic sharks and whales, all linked together in nature's delicate chain.

The menagerie of the oceans include the ubiquitous single celled animals or protozoans, delicate sponges, brilliantly coloured corals and worms, molluscs or shelled animals with their soft bodies enclosed in shells of all sizes and colours, spiny and tough skinned, sedentary animals like star fishes, the most familiar fishes and sharks, sea snakes and gigantic mammals like whales, dolphins, sea cows and manatees. Let us get close with some of them….

First of all, the fastest and the largest; if you are travelling through the central Atlantic ocean, at a depth of 60-200 m, and see something with a long spear like bill and a big sail whizzing past, at speeds of 110 km per hour, it will most probably be a sailfish or black marlin, the fastest denizen of the deep seas. For speed, it comes closest to the fastest land animal; the cheetah and it faster than the average speed of a train.

The blue whale is the largest animal to have ever existed on earth, with its length going upto 98 feet and weighing 190,000 kg. That is far bigger than the biggest dinosaurs that ever roamed the earth and is equivalent to 25 elephants. Even the tongue of whale weighs as much as a small female elephant. It may surprise you to know that ambergris used in the manufacture of perfumes as a fixative; that makes the scent linger longer is actually an excretory product from the intestine of a whale.

If you venture down into the deep darker abyss of the oceans, where light seldom penetrates, you may encounter a spot of light suspended in the water column. Getting closer you realise that the light is glowing at the tip of a long rod like structure, much the same as a baited hook. If you get too close, you come face to face with a ghoulish apparition, the 3 foot long angler fish, with a crooked face and dagger like teeth, which uses bioluminescent (light producing) lures as fishing rods to capture prey. It may also delight the feminists to know that the male angler fishes are small and parasitic, sticking to the underside of the females.

If you are getting tired of all the swimming, and may want to hitch a ride; it is better to ask the remoras or shark suckers; the hitchhikers of the oceans. Their dorsal fin is modified into a sucker, situated on the top of the head, by which it gets attached to sharks thus getting a free ride through the seas.

The sea horses are queer fishes, swimming upright in water, covered with an armour of bony plates and a long curled tail. If you spot an individual with a swollen abdomen, carrying small baby seahorses in it, you may naturally surmise it to be a female. But seahorses with swollen abdomens, carrying babies in its brood pouch are males. The young ones are cared for and develop in these pouches of the males.

Coming to the high flyers of the oceans, the flying fishes can rise from the water surface and glide through the air for short distances of 40- 50 metres. These have enlarged pectoral fins which opens out like a wing, which balances its flight through air.

About fifty species of fishes are able to produce electric current from their body, the most powerful of them being the electric eel and electric ray. Both are bottom dwelling creatures. The eels which may grow to over 4 feet in length can produce an electric current of 500 – 550 volts, said to be enough to stun a horse.

Lantern fishes are another denizens of the deep seas, which carry their own light to illuminate their way. These fishes have a series of photophores or light producing organs lined up in rows on their flanks.

The pearl, one of the nine gems or 'Navarathnas' has fascinated man from time immemorial. Its origin and beauty has been a source of mystery for a long time. The pearl is actually made up of calcium carbonate, same as ordinary lime and produced by a mud dwelling creature called pearl oyster, as a waste product. Just as the element carbon, exists in two widely different forms ie graphite and diamond, so also calcium carbonate exists in two forms, calcite and aragonite. Aragonite which makes up the pearl is a crystalline structure exhibiting light reflecting and iridescent properties (exhibiting rainbow colours). It is formed by the oyster as layers of protective covering around an irritant foreign substance that accidentally enters into the tissues of the oyster. The pearl and coral are the only gems produced by living creatures, all the other seven; ruby, emerald, diamond blue sapphire, yellow sapphire, cat's eye and hessonite are naturally occurring stones.



**Dr. K. J Abraham**
HOD, Zoology & Aquaculture

# Estuary

Am neither called a river nor an ocean
But an estuary, an ungendered.
For centuries I bear the spit and scorn
Of the world as if a transgressor.

The civilized uncivilizes my soul
They throw the poison of their comfort into me
They chock my nostrils with industrial waste
And blame me as a carrier of contamination.

Waterfront Apartments- MNCs boast
Those who dwell makes me smell foul
And they disdain for my foul smell
May be as I know no fury, but I weep.

At the depth of night, I reflect the scenes
Behind the light too, but this world
Admires only the adorning charm of lights.
Realities go unheeded; never unreflected.

I carry the assigned water to the sea
I toil day and night without much waves
But the world rebukes me as a slow pacer
Those who float on me know not the load I carry

It's unbearable to bear the blood of
those who fight for me, the environmentalists.
The vested interests with only monetary motive
brutally kill the lovers of mother earth.

I weep ...I weep... but my tears go black
My tears mix with the odour of industries.
But industries- the eyes of human civility never weep
But excretes the poisons of pleasure seeking.

They cut trees, they clear forests
To erect buildings- tombs for the future.
They use CFC to cool, to rest early in frozen mortuaries.
But I bear the poisons of all their comforts.

Had I been rivulets on a mountain
I would have blasted as a mighty landslide
And as a tsunami, had I been an ocean.
But am tied to the role of educated passivism.

But I am sure, my crystal clear water will flow again
Either when all trees are cleared and forests disappear
Or when all men disappear from this earth
Or when men elude selfishness and embrace wisdom.



**Lt. Roy Mathew**
HOD, Politics & Journalism Dept.

*With best Compliments*



SPORTS



Pazhekadavil Arcade, Opp. Police Station, Vaikom
Ph: 9931390983, 7025162399

# Love and Punctuality

That was our final year college Art's festival. And I believe it was my final chance to express my love to Greshma, who is my classmate. I was too shy to express it, that's why I kept it secret for last three years. My inhibitions told that Greshma already knew my secret affection towards her. She had a special consideration for me. We were friends from first year itself. She shared notes and wrote down records for me.

It was during the vacation after second years exam. We all had a chance to visit her home. After she introduced us to her family. Soon I created a good rapport with her family. Even after the visit everyone remembered me, and her mother used to enquire about me regularly. Good days passed. We are about to pass out our graduation. Study leave will commence after our Art's Day. Before that I decided to express my love to her.

I haven't told her due to my apprehension that this will be soon broadcasted in our campus. Somehow after gathering all my courage. I decided to express it. So, I requested her to wait in front of our campus at 5 p.m., after Art's Day celebration. when she asked the reason. I told her I need to tell her something special.



The day arrived; I was totally occupied with my duties as the lead of college food committee. We need to fed around 600 people for lunch. We had arranged a mass kitchen near our canteen. As the cooking utensils and vessels from canteen along are not sufficient. So, we borrowed some from a local lender. The food preparation went well. We began serving at 12:45 p.m. It was really a hard day for me. I was roaming everywhere to meet the requirements at the kitchen. Around 2:30 p.m. somehow, we finished the food serving. Now we need to return the hired utensils and vessels to the lender before 6 p.m. As they already have a pre booking for a wedding the next day. So, All the vessels were cleaned and our hard work was shining on them.

